# പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങൾ

**ബി എ. മലയാളം**
**അഞ്ചാം സെമസ്റ്റർ**
**കോർ കോഴ്സ്**
സി യു–സി ബി സി എസ് എസ്

***കാലിക്കറ്റ് യൂണിവേഴ്സിറ്റി***
***സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ***

*548*

# *കാലിക്കറ്റ് യൂണിവേഴ്സിറ്റി*
# *സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ*

***ബി എ. മലയാളം***
***അഞ്ചാം സെമസ്റ്റർ***
***കോർ കോഴ്സ്***

## *പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങൾ*

പഠനക്കുറിപ്പുകൾ തയ്യാറാക്കിയത്
**ഡോ. ജമീൽ അഹ്മദ്**
**(അസി. പ്രൊഫ. ഗവ. കോളേജ് മലപ്പുറം)**

## മൊഡ്യൂൾ 1

*പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളുടെ ഉദ്ഭവം – പ്ലാറ്റോ – അനുകരണ വാദം – റിപ്പബ്ലിക് – കലാകാരന്മാരെക്കുറിച്ച് പ്ലാറ്റോ – പ്ലാറ്റോയുടെ പ്രാധാന്യം*

*അരിസ്റ്റോട്ടിൽ – സിദ്ധാന്തങ്ങൾ – അനുകരണ സിദ്ധാന്തം – ട്രാജഡി നിർവചനം – ആറുഘടകങ്ങൾ – കതാർസിസ് – ലോംഗിനസ് – ഉദാത്തദാ വാദം*

## മൊഡ്യൂൾ 2

*വേഡ്സ് വർത്ത്, ലിറിക്കൽ ബാലഡ്സിന്റെ ആമുഖം – കാവ്യ നിർവചനം – ഭാവനയുടെ പ്രാധാന്യം – കാവ്യഭാഷ – കോൾ റിഡ്ജ് – കവിപ്രതിഭ – ഇമാജിനേഷൻ – ഫാന്റസി – ടോൾസ്റ്റോയ് – വിമർശന സമീപനം*

## മൊഡ്യൂൾ 3

*റിയലിസം – മിസ്റ്റിസിസം – സർറിയലിസം – ഫ്യൂച്ചറിസം – എക്സ്പ്രഷനിസം – എക്സ്റ്റൻഷ്യലിസം എന്നിവയെക്കുറിച്ചുള്ള സാമാന്യധാരണ*

## മൊഡ്യൂൾ 4

*ആധുനികാനന്തര വിമർശന സിദ്ധാന്തങ്ങൾ – ഘടനാവാദം – ഉത്തര ഘടനാവാദം – ശൈലീവിജ്ഞാനീയം – ചിഹ്ന വിജ്ഞാനീയം – മനശ്ശാസ്ത്ര സമീപനം –അപനിർമാണം*

# മൊഡ്യൂൾ 1

## പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ
## ഒരു ചരിത്രം

സാഹിത്യത്തിന്റെ ലക്ഷ്യങ്ങളെയും വിശകലനപദ്ധതികളെയും കുറിച്ചുള്ള പഠനമാണ് സാഹിത്യസിദ്ധാന്തപഠനം. കലയുടെയും കവിതയുടെയും സാമൂഹിക സാംസ്കാരിക–മനഃശാസ്ത്ര പശ്ചാത്തലത്തെക്കുറിച്ചുള്ള വിചിന്തനമാണത്. ഈ സിദ്ധാന്തത്തിന്റെ പ്രയോഗത്തിന്, അഥവാ സിദ്ധാന്തത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് സാഹിത്യസൃഷ്ടികൾ വിലയിരുത്തുന്നതിനെയും വ്യാഖ്യാനിക്കുന്നതിനെയും സാഹിത്യനിരൂപണം അല്ലെങ്കില് പ്രായോഗിക വിമർശം എന്നും സൂക്ഷ്മമായി വേർത്തിരിക്കാറുണ്ട്. സാഹിത്യസിദ്ധാന്തത്തിന്റെ ഉള്ളടക്കമായിവരുന്ന നിരവധി ഘടകങ്ങളുണ്ട്. സാഹിത്യത്തിൽ ഉള്ളടങ്ങിയിട്ടുള്ള തത്ത്വങ്ങളുടെ വിശകലനം, വ്യാഖ്യാനം, അതിന്റെ സമൂഹശാസ്ത്രപരവും മനശ്ശാസ്ത്രപരവുമായ പശ്ചാത്തലം, സാഹിത്യസൃഷ്ടികളുടെ ഗുണദോഷവിചിന്തനം, സാഹിത്യത്തിലെ വിവിധ ജനുസ്സുകളുടെ തരംതിരിക്കൽ, ലക്ഷണനിർണയം, സാഹിത്യകൃതികളുടെ ഘടനാപരമായ വിശകലനം, ശൈലികളുടെ വിശകലനം തുടങ്ങിയവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. സാഹിത്യമീമാംസ, കാവ്യശാസ്ത്രം എന്നിങ്ങനെയുള്ള പേരുകളിലും സാഹിത്യസിദ്ധാന്തങ്ങൾ അറിയപ്പെടുന്നു. ഭാരതത്തിൽ നൂറ്റാണ്ടുകൾക്കുമുമ്പേ സാഹിത്യമീമാംസ രൂപംകൊണ്ടിട്ടുണ്ട്. ഭരതമുനിയുടെ നാട്യശാസ്ത്രമാണ് ഏറ്റവും പ്രാചീനമായ കാവ്യതത്വനിരൂപണ രചന. ഗ്രീക്ക് തത്വചിന്തയുടെ ഭാഗമായി പാശ്ചാത്യലോകത്തും സാഹിത്യതത്വങ്ങൾ രൂപപ്പെടുകയുണ്ടായി. ഇവരണ്ടും അടിസ്ഥാനപരമായി കലയെ ആസ്പദിച്ചുള്ളതാണെങ്കിലും ആശയപരമായി വിവിധ ധാരകളാണ്. അതിനാൽ പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളെയും പൗരസ്ത്യ കാവ്യസിദ്ധാന്തങ്ങളെയും വെവ്വേറെ പഠനമേഖലകളായി പരിഗണിച്ചിരിക്കുന്നു.

### പാശ്ചാത്യ സാഹിത്യനിരൂപണം

ഹോമർ, ഹെസിയോട് എന്നീ എഴുത്തുകാർ ദൈവങ്ങളെ പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നതിനെക്കുറിച്ച് സെനഫേന്സ് എന്ന പണ്ഡിതൻ ക്രി. മു. 5 ാം നൂറ്റാണ്ടിൽ നടത്തിയ വിമർശനമാണ് പാശ്ചാത്യലോകത്ത് ലഭ്യമായിട്ടുള്ളതിൽ ഏറ്റവും പഴക്കംചെന്ന സാഹിത്യവിമർശനം എന്ന് കരുതപ്പെടുന്നു. ഇതിനെത്തുടർന്ന് തിയാജെനസ് എന്ന നിരൂപകൻ ഹോമറിന്റെ കൃതികളിലെ ദൈവങ്ങൾ മനുഷ്യസ്വഭാവങ്ങളുടെ പ്രതിനിധികൾ മാത്രമാണെന്നും, അന്യാപദേശപരമായിട്ടാണ് അവയെ വ്യാഖ്യാനിക്കേണ്ടതെന്നും വാദിച്ചു. സാഹിത്യവിമർശനത്തിന്റെ കിരണങ്ങൾ മാത്രം ഈ പരാമർശങ്ങൾ മാറ്റിനിർത്തിയാൽ പ്ലേറ്റോയുടെ (ക്രി. മു. 427. 348) റിപ്പബ്ളിക് എന്ന കൃതിയിലാണ് സാഹിത്യത്തെക്കുറിച്ചുള്ള കുറച്ചെങ്കിലും വിശദമായ വിശകലനം ആദ്യമായി കാണാൻ കഴിയുക. സാഹിത്യം പ്ലേറ്റോയുടെ മുഖ്യവിഷയമല്ല. എന്നാല് മർമപ്രധാനമായ ചില കലാതത്ത്വങ്ങൾ പ്ലേറ്റോ സാന്ദർഭികമായി ചർച്ചചെയ്യുന്നു. യാഥാർഥ്യവും അതിന്റെ പ്രതിനിധാനവും തമ്മിലുള്ള വ്യത്യാസമാണ്

ഇതിൽ പ്രധാനം. ഒരു വൃത്തം വരയ്ക്കുന്നതിന് മുമ്പ് 'വൃത്തം' എന്ന ആശയം ഒരാളുടെ മനസ്സിലുണ്ട് എന്ന് പ്ലേറ്റോ ചൂണ്ടിക്കാണിക്കുന്നു. പല തരത്തിലുള്ള അപൂർണതകളും കുറവുകളുമുള്ള ആ യാഥാർഥ്യത്തെ വിലയിരുത്തുന്നത് നമ്മുടെ മനസ്സിലുള്ള സമ്പൂർണമായ ആശയത്തിന്റെ അടിസ്ഥാനത്തിലാണ്. ഇവ തമ്മിലുള്ള വ്യത്യാസം സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചകളിലെ അടിസ്ഥാനപ്രശ്നമാണ്. സാഹിത്യകലാ ചിന്തകളെ സ്വാധീനിച്ച യാഥാതദവാദം (റിയലിസം) എന്ന ആശയം ഈ ചർച്ചയിൽനിന്നാണ് പിന്നീട് ഉടലെടുത്തത്. കവിത എന്നത് ജ്ഞാനത്തിന്റെ മാധ്യമമല്ല, പ്രചോദനത്തിന്റേതാണ് എന്ന ആശയം പ്ലേറ്റോ ആവിഷ്കരിക്കുന്നു. യാഥാർഥ്യത്തിന്റെ അനുകരണം മാത്രമാണ് സാഹിത്യമെന്നും, അതിനാൽ അത് അസത്യമാണെന്നും പ്ലേറ്റോ വാദിക്കുന്നു. അതേസമയം, മനുഷ്യമനസ്സിനെ സ്വാധീനിക്കാനുള്ള സാഹിത്യത്തിന്റെ ശക്തിയെക്കുറിച്ച് പ്ലേറ്റോ ബോധവാനാണ്. ഹോമറിന്റെ കവിതകളുടെ ശക്തിയും ആകർഷണീയതയും പ്ലേറ്റോ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ കലയും കവി തയും അനാശാസ്യമായ സ്വാധീനം മനുഷ്യമനസ്സിലുണ്ടാക്കിയേക്കാം എന്ന മുന്നറലി യിപ്പ് അദ്ദേഹത്തിന്റെ ചിന്തകളിലുണ്ട്.

പ്ലേറ്റോയുടെ ശിഷ്യനായ അരിസ്റ്റോട്ടിലിന്റെ (ക്രി. മു. 384. 322) പൊയറ്റിക്സ് ആണ് പാശ്ചാത്യലോകത്തുണ്ടായ ആദ്യത്തെ സംപൂർണ കാവ്യമീമാംസ. പ്ലേറ്റോയിൽനിന്നു വ്യത്യസ്തമായി, അരിസ്റ്റോട്ടിൽ സാഹിത്യത്തെ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്യുന്നു. പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളിൽ പിന്നീടുണ്ടായ പല ചിന്തകളുടെയും ബീജങ്ങൾ പൊയറ്റിക്സിൽ തെളിഞ്ഞുകാണാം. കവിതയും നാടകവും അനുകരണത്തിൽ അധിഷ്ഠിതമായ സൃഷ്ടികളാണ് എന്ന് പൊയറ്റിക്സ് സമ്മതിക്കുന്നു. ദുരന്തനാടകത്തെക്കുറിച്ച് അരിസ്റ്റോട്ടിൽ രൂപീകരിച്ചിരിക്കുന്ന സിദ്ധാന്തം വിശദവും സൂക്ഷ്മവുമാണ്. സ്പെക്റ്റക്കിൾ (കഥാപാത്രത്തിന്റെ ബാഹ്യരൂപം), ഡിക്ഷൻ (ഭാഷണം), മെലഡി (പദ്യഭാഗങ്ങളുടെ പാരായണം), ക്യാരക്ടർ (കഥാപാത്രങ്ങളുടെ വ്യക്തിത്വം), ചിന്ത (കഥാപാത്രങ്ങളുടെ പ്രവൃത്തികളെ നയിക്കുന്ന യുക്തി), പ്ളോട്ട് (സംഭവങ്ങളുടെ ഒത്തുചേരൽ) എന്നിങ്ങനെ ആറു ഘടകങ്ങൾ ചേർന്നാണ് ദുരന്തനാടകം രൂപപ്പെടുന്നത് എന്ന് അരിസ്റ്റോട്ടിൽ സമർഥിക്കുന്നു. സാഹിത്യനിരൂപണത്തിന് അരിസ്റ്റോട്ടിൽ നൽകിയ മറ്റൊരു സംഭാവന 'മിമെസിസ്', 'കഥാർസിസ്' എന്നീ രണ്ട് ആശയങ്ങളാണ്. മിമെസിസ് എന്നത് സാഹിത്യത്തിന്റെ അനുകരണാത്മക സ്വഭാവത്തെ സൂചിപ്പിക്കുന്നതാണ്.

ക്രി. മു. ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന ഹൊറേസ് എന്ന കവിക്ക് നിരൂപണ സാഹിത്യത്തിൽ പ്രത്യേക സ്ഥാനമുണ്ട്. കത്തുകളുടെ രൂപത്തില് രചിച്ച തന്റെ കൃതിയിൽ കവിതയുടെ തത്ത്വങ്ങൾ ഹൊറേസ് വിശകലനം ചെയ്യുന്നു. ആർസ് പൊയറ്റിക്ക (കാവ്യകല) എന്ന പേരില് ഈ ഗ്രന്ഥം വിഖ്യാതമായിത്തീർന്നു. ചിട്ടയോടുകൂടിയ ഒരു വിശകലനമോ തികച്ചും മൗലികമായ ആശയങ്ങളോ അല്ല അവ. കവിതയിലെ ഔചിത്യം, അനുപാതം എന്നിവയെക്കുറിച്ചും പ്രധാന കാവ്യദോഷങ്ങളെക്കുറിച്ചും ഹൊറേസ് ചർച്ചചെയ്യുന്നു. ആശയപരമായി ആധുനിക രോട് ഏറ്റവും അടുത്തുനിൽക്കുന്ന സൈദ്ധാന്തികനാണ് ലോൻജിനസ്. ക്രി. പി. രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'ഓൺ ദി സബ്ളൈം' എന്ന കൃതിയുടെ കർത്താവാണ് ഇദ്ദേഹം. ഒരു കാവ്യത്തെ മികച്ചതാക്കിത്തീർക്കുന്ന ഉദാത്തത (സബ്ലിമിറ്റി) എന്ന

ഗുണമാണ് ലോൻജിനസിന്റെ മുഖ്യവിഷയം. ഒരു കൃതിയെ ഉദാത്തമാക്കുന്ന അഞ്ച് ഗുണങ്ങൾ ലോൻജിനസ് ചൂണ്ടിക്കാണിക്കുന്നു.

മധ്യകാലഘട്ടത്തിൽ പാശ്ചാത്യലോകത്ത് പൗരാണികകാലഘട്ടത്തിലേതുപോലെ ശ്രദ്ധേയമായ സാഹിത്യസിദ്ധാന്തങ്ങളും നിരൂപണങ്ങളും ഉണ്ടായിട്ടില്ല. ദാന്തെ (1265. 1321), ജൊവാനി ബൊക്കാച്ചിയോ (1315 1375) തുടങ്ങിയ എഴുത്തുകാർ പൗരാണിക സാഹിത്യസിദ്ധാന്തങ്ങൾ ലളിതമായി വ്യാഖ്യാനിക്കുകയും പ്രയോഗിക്കുകയും ചെയ്ത കാലമാണിത്. സാഹിത്യസിദ്ധാന്തങ്ങൾക്ക് ഇംഗ്ളീഷിൽ പ്രചാരം ലഭിച്ചത് നവോത്ഥാന കാലഘട്ടത്തിലാണ്. കാവ്യസിദ്ധാന്തങ്ങൾക്ക് ദിശാബോധം നൽകിയ ചില കൃതികളും ഇക്കാലത്ത് രചിക്കപ്പെട്ടു. സർ ഫിലിപ് സിഡ്നിയുടെ (1554. 80) *അപോളജി ഫോർ പൊയട്രി* ഇവയിലൊന്നാണ്. പദ്യവും കവിതയും തമ്മിലുള്ള വ്യത്യാസം സിഡ്നി ഈ ഗ്രന്ഥത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. വിവിധതരം കവിതകളെക്കുറിച്ച് പ്രതിപാദിക്കുകയും പ്രശസ്തരായ ഇംഗ്ലീഷ് കവികളെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട് അദ്ദേഹം. കവിതയ്ക്കെതിരെ പ്ലേറ്റോ ഉന്നയിച്ച വാദഗതികളെ സിഡ്നി സമർത്ഥമായി ഖണ്ഡിച്ചിരിക്കുന്നു. ഫ്രാൻസിസ് ബേക്കൺ (1561 1626) തന്റെ പ്രശസ്തമായ 'ദി അഡ്വാൻസ്മെന്റ് ഒഫ് ലേണിങ്' എന്ന ഗ്രന്ഥത്തിൽ കവിതയുടെ അടിസ്ഥാന സ്വഭാവമെന്ത് എന്ന് പരിശോധിക്കുന്നുണ്ട്. കവിതകളെ തരംതിരിക്കാനും അദ്ദേഹം ശ്രമിച്ചിരിക്കുന്നു. കവിയും നാടകകൃത്തുമായിരുന്ന ബെൻ ജോൺസൺ (1572. 1637) സാഹിതീയമായ സൈദ്ധാന്തിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന നിരവധി ലേഖനങ്ങൾ രചിച്ചു.

തുടർന്നുവന്ന ഇംഗ്ലീഷ് വിമർശകരിൽ പ്രമുഖനാണ് ജോൺ ഡ്രൈഡൻ (1631. 1700). സംഭാഷണരൂപത്തിൽ രചിച്ച 'എസ്സേ ഒഫ് ഡ്രമാറ്റിക് പൊയ്സി' ആണ് ഡ്രൈഡന്റെ പ്രധാന കൃതി. ജീവിതാനുഭവങ്ങളുടെ തീവ്രത ആവിഷ്കരിക്കാനായി, കാവ്യഭാഷയിലും സമാനമായ തീവ്രത ഉണ്ടായിരിക്കണം എന്ന് ഡ്രൈഡൻ നിർദേശിക്കുന്നു. ഇംഗ്ലീഷ് നിരൂപണസാഹിത്യത്തിന്റെ പക്വമായ ഘട്ടം ആരംഭിക്കുന്നത് ഡ്രൈഡനിലാണെന്ന് പറയാറുണ്ട്.

ഡ്രൈഡനെത്തുടർന്ന്, പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് സാഹിത്യവിമർശനം വളർച്ച പ്രാപിച്ചത് പ്രധാനമായും ജോസഫ് അഡിസൺ (1672. 1719), അലക്സാണ്ടർ പോപ് (1688. 1744) എന്നിവരിലൂടെയാണ്. ദുരന്തസാഹിത്യം, ഹാസ്യസാഹിത്യം, ബാലഡ് എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനങ്ങളാണ് അഡിസൺ നടത്തിയത്. മിൽട്ടന്റെ പാരഡൈസ് ലോസ്റ്റിനെക്കുറിച്ചുള്ള ശ്രദ്ധേയമായ പഠനങ്ങളും, ഭാവനയെക്കുറിച്ചുള്ള നീണ്ട ലേഖനങ്ങളുമാണ് ഇവയിൽ പ്രധാനപ്പെട്ടവ. കവി എന്ന നിലയിൽ പ്രശസ്തനായ അലക്സാണ്ടർ പോപ് സമകാലിക ഇംഗ്ലീഷ് കവികളെയും ക്ലാസ്സിക് ഗ്രീക്കുകവികളെയും കുറിച്ച് മികച്ച വിശകലനങ്ങൾ രചിച്ചു. ഡോ. സാമുവല് ജോണ്സണ് (1709. 84), ഡേവിഡ് ഹ്യൂം (1711. 76), എഡ്മണ്ട് ബർക്ക് (1729. 97) തുടങ്ങിയ ദാർശനികർ സാഹിത്യാധിഷ്ഠിതമായ സൗന്ദര്യശാസ്ത്രത്തിന് ഇക്കാലത്ത് മികച്ച സംഭാവനകൾ നൽകി. ഒലിവർ ഗോൾഡ്സ്മിത്ത് (1730. 74), ഹെന്റി മക്കെൻസി (1745. 1801), റിച്ചഡ് കംബർലാൻഡ് (1732. 1811) തുടങ്ങിയ പ്രശസ്തരായ എഴുത്തുകാർ പ്രായോഗിക വിമർശനത്തിന്റെ മികച്ച മാതൃകകൾ സൃഷ്ടിച്ചു. ഈ കാലഘട്ടത്തിലാണ് 'നിയോക്ലാസ്സിസിസം' എന്ന സാഹിത്യവിമർശന പദ്ധതി രൂപപ്പെട്ടത്. ക്ലാസ്സിക്

സാഹിത്യം പുനരുദ്ധരിക്കാൻ ഡോ. ജോൺസൺ നടത്തിയ ആഹ്വാനത്തിൽ നിന്നാണ് ഇത് ആരംഭിക്കുന്നത്.

പാശ്ചാത്യലോകത്ത് സാമൂഹിക, സാങ്കേതിക, വൈജ്ഞാനിക മണ്ഡലങ്ങളിൽ മാറ്റങ്ങളുണ്ടായ പതിനെട്ടാം നൂറ്റാണ്ടിലാണ് ഇംഗ്ലീഷ് സാഹിത്യത്തിൽ കാല്പനികഘട്ടം ഉടലെടുത്തത്. വ്യാവസായിക വിപ്ലവം, ഫ്രഞ്ച് വിപ്ലവം എന്നിവയോടൊപ്പം ഒരു വിചാരവിപ്ലവവും സംഭവിച്ചു. ആഡം സ്മിത്ത് (1723. 90), റൂസ്സോ (1712. 78) തുടങ്ങിയവരുടെ ചിന്തകൾ സമൂഹത്തിൽ ചലനങ്ങളുണ്ടാക്കി. സർഗാത്മകസാഹിത്യത്തിലും ഈ വിചാരവിപ്ലവത്തിന്റെ അലകൾ കാണാം. വില്യം വേഡ്സ് വർത്ത് (1770. 1850), സാമുവൽ ടെയ്‌ലർ, കോൾറിഡ്ജ് (1772. 1834) എന്നിവർ ഇംഗ്ലീഷ് കവിതയെ കാല്പനികതയുടെ ലോകത്തേക്ക് കൊണ്ടുപോയതോടൊപ്പം കാവ്യ മീമാംസയ്ക്ക് നൂതനമായ മാനം നൽകുകയും ചെയ്തു. 'ലിറിക്കൽ ബാലഡ്സ്' എന്ന കൃതിയുടെ മുഖവുരയിൽ കവിത എന്താണെന്നും ആരാണ് കവി എന്നും പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം കവിതയില് ആവിഷ്കൃതമാകുന്നതെങ്ങനെ എന്നുമുള്ള വിഷയങ്ങൾ വേഡ്സ് വർത്ത് ചർച്ച ചെയ്തിരിക്കുന്നു. 'ശക്തമായ വികാരങ്ങളുടെ നൈസർഗികമായ ബഹിർഗമനമാണ് കവിത' എന്ന വിഖ്യാതമായ നിർവചനം ഈ ലേഖനത്തിലാണ് വേഡ്സ് വർത്ത് മുന്നോട്ടുവെച്ചത്.

ബയോഗ്രാഫിയ ലിറ്ററേറിയ (1817) എന്ന ഗ്രന്ഥത്തിലാണ് കോൾറിഡ്ജിന്റെ കാവ്യചിന്തകൾ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. ഇംഗ്ലീഷ് കാൽപനിക കവികളിൽ പ്രമുഖരായ പി. ബി. ഷെല്ലി (1792. 1822), വില്യം ബ്ലേക്ക് (1787. 1827), ജോൺ കീറ്റ്സ് (1795. 1821) തുടങ്ങിയവരും സാഹിത്യ തത്വം വിശദമാക്കുന്ന ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. മനഃശാസ്ത്രപരമായ വീക്ഷണത്തിലൂടെ എഴുത്തുകാരെ വിലയിരുത്തിയ സാഹിത്യ ചിന്തകനാണ് തോമസ് ഡി ക്വിൻസി (1785. 1859).

കലയുടെയും സാഹിത്യത്തിന്റെയും ശോഭനമായ കാലഘട്ടമായിരുന്നു വിക്ടോറിയൻ കാലഘട്ടം. റൊമാന്റിസിസത്തിലൂടെ വളർന്ന കവിത നവീനവും വ്യത്യസ്തവുമായ ധാരകളായി പരിണമിച്ചു. വിപുലമായ ഗദ്യ സാഹിത്യം ഇക്കാലത്ത് രൂപപ്പെട്ടു. ജെ. എസ്. മിൽ (1806. 73), ജോണ് കെബിള് (1792. 1860) എന്നിവരുടെ ചിന്തക ളിൽ റൊമാന്റിക് കാലഘട്ടത്തിന്റെ തുടർച്ച കാണാമെങ്കിൽ, മാത്യൂ ആർനൾഡ് (1822. 88) നെപ്പോലെയുള്ള നിരൂപകർ നിരൂപണ സാഹിത്യത്തില് പുതിയൊരു ഭാവുകത്വം സൃഷ്ടിച്ചു. ജീവിതത്തെക്കുറിച്ചുള്ള വിമർശനം തന്നെയായിട്ടാണ് ആർനൾഡ് കവിതയെ കണ്ടത്. വ്യക്തിയുടെയും കാലഘട്ടത്തിന്റെയും മുൻവിധികലിൽ നിന്നു മാറിനിന്നുകൊണ്ടാണ് നിരൂപണം നടത്തേണ്ടത് എന്നു പ്രഖ്യാപിക്കുകയും അത്തരം നിരൂപണമാതൃകകൾ സൃഷ്ടിക്കുകയും ചെയ്തു അദ്ദേഹം.

കവിതയെയും കവികളെയും കേന്ദ്രബിന്ദുവാക്കിയിരുന്ന നിരൂപണസാഹിത്യം, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിനു തൊട്ടുമുമ്പ് ഗദ്യസാഹിത്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്താൻ തുടങ്ങി. നോവലിസ്റ്റായിരുന്ന ഹെന്റി ജെയിംസിന്റെ നിരൂപണങ്ങൾ ഈ ദിശാമാറ്റത്തിന് പ്രത്യേകം പങ്കുവഹിച്ചു. 1884 ൽ പുറത്തുവന്ന ദി ആർട്ട് ഒഫ് ഫിൻ എന്ന ഉപന്യാസത്തിൽ തുടങ്ങി, ജെയിംസ് നിരവധി നോവൽ പഠനങ്ങൾ പ്രസിദ്ധീകരിച്ചു.

## പ്ലേറ്റോ

പ്രാചീന ഗ്രീസിലെ പ്രമുഖ തത്ത്വചിന്തകനായിരുന്നു പ്ലേറ്റോ (ക്രി.മു. 427. 347). പാശ്ചാത്യതത്ത്വചിന്തയിലെ ഏറ്റവും ഏറ്റവും പ്രധാനികളിലൊന്നായ സോക്രട്ടീസിന്റെ ശിഷ്യനും ഗ്രീക്ക് ചിന്തകൻ അരിസ്റ്റോട്ടിലിന്റെ ഗുരുവും ആയിരുന്നു പ്ലേറ്റോ. ഗ്രീസിലെ ഏഥൻസിലാണ് ജനനം. സമ്പത്തും സ്വാധീനവുമുള്ള കുടുംബമായിരുന്നു. പിതാവ് അരിസ്റ്റൺ പ്ലേറ്റോയുടെ ബാല്യത്തിൽതന്നെ മരിച്ചതിനെത്തുടർന്ന് അമ്മ പെരിക്ടിയോൺ, ആഥൻസിലെ പ്രഖ്യാത രാഷ്ട്രതന്ത്രജ്ഞൻ പെരിക്കിൾസിന്റെ സുഹൃത്തായിരുന്ന പൈറിലാമ്പെസ്സിന്റെ ഭാര്യയായി. ഗ്രീക്ക് ചരിത്രത്തിലെ ഒരു നിർണ്ണായക രാഷ്ട്രീയഘട്ടത്തിലായിരുന്നു പ്ലേറ്റോയുടെ ബാല്യം. അദ്ദേഹം ജനിക്കുമ്പോൾ പെരിക്കിൾസ് മരിച്ചിട്ട് ഒരു വർഷവും, അഥൻസിനു വലിയ നാശവും അപമാനവും വരുത്തിവച്ച പെലപ്പൊന്നേഷൻ യുദ്ധം തുടങ്ങിയിട്ട് നാലു വർഷവും ആയിരുന്നു. തന്റെ ബാല്യകൗമാരയൗവനങ്ങൾ മുഴുവൻ നീണ്ടുനിന്ന യുദ്ധവും, പെരിക്കിൾസിന്റെ മരണത്തെ തുടർന്നുണ്ടായ രാഷ്ട്രീയ ഉപജാപങ്ങളും കണ്ടാണ് പ്ലേറ്റോ വളർന്നത്. രാഷ്ട്രീയക്കാരോട്, പ്രത്യേകിച്ച് ജനസാമാന്യത്തിന്റെ കൈയ്യടി മോഹിക്കുന്ന ജനാധിപത്യ വാദികളോടുള്ള പ്ലേറ്റോയുടെ സിദ്ധാന്തങ്ങളെ ആ അനുഭവങ്ങൾ സ്വാധീനിച്ചിട്ടുണ്ടാകാമെന്നു വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. തത്ത്വചിന്തയുമായുള്ള സൗഹൃദം അദ്ദേഹത്തിനു ലഭിച്ചത് സോക്രട്ടീസിന്റെ ശിഷ്യൻ ആയതോടെയാണ്. ക്രി. മു. 399 ൽ സോക്രട്ടീസ് കൊല്ലപ്പെട്ടപ്പോൾ, പ്ലേറ്റോ ആദ്യം ഈജിപ്തിലേക്കും പിന്നെ ഇറ്റലിയിലേക്കും നാടുവിട്ടു. ഈ പ്രവാസത്തിനിടെ അദ്ദേഹം പൈത്തോഗറസിന്റെ അനുയായികളിൽനിന്നു പലതും പഠിക്കുകയും ഇറ്റലിയിലെ സൈറാക്കൂസിലെ ഭരണകുടുംബത്തിന്റെ ഉപദേഷ്ടാവായി അൽപകാലം പ്രവർത്തിക്കുകയും ചെയ്തു.

### അക്കാദമി

ആഥൻസിൽ മടങ്ങിയെത്തിയശേഷം പ്ലേറ്റോ അവിടെ ഒരു തത്ത്വചിന്താപാഠശാല സ്ഥാപിച്ചു. വിജ്ഞാനദേവതയായ അഥീനയെ പ്രതിഷ്ഠിച്ച അക്കാദമിയ എന്ന ഒലിവുമരത്തോട്ടത്തിൽ സ്ഥാപിക്കപ്പെട്ട ആ വിദ്യാലയം അക്കാദമി എന്നു വിളിക്കപ്പെട്ടു. അറിവുതേടിയെത്തുന്നവരെ, വാദപ്രദിവാദങ്ങളിലൂടെ തത്ത്വചിന്തയിലെ ഗഹനതകളിലേക്കു നയിക്കുന്ന ഗുരു സോക്രട്ടീസിന്റെ മാർഗ്ഗംതന്നെയാണ് അക്കാദമിയിലും പിന്തുടർന്നത്. അവിടെ പ്ലേറ്റോയുടെ ശിഷ്യന്മാരായിരുന്നവരിൽ പ്രമുഖൻ അരിസ്റ്റോട്ടിലാണ്.

### രചനകൾ

തന്റെ രചനകളിലും പ്ലേറ്റോ പിന്തുടർന്നത് അക്കാദമിയിലെ അദ്ധ്യാപനശൈലിയായ വാദപ്രതിവാദത്തിന്റെ മാർഗ്ഗമാണ്. അതുകൊണ്ട്, അദ്ദേഹത്തിന്റെ കൃതികളെ ഡയലോഗുകൾ (Dialogues) എന്നു വിളിക്കുന്നു. മിക്കവാറും ഡയലോഗുകളിൽ ചർച്ചയുടെ കേന്ദ്രബിന്ദു സോക്രട്ടീസ് ആണ്. പ്രധാന ആശയങ്ങളെല്ലാം തന്നെ അവതരിപ്പിക്കപ്പെടുന്നതും സോക്രട്ടീസിന്റെ പേരിലാണ്.

ഇവയിൽ യൂത്തിഫ്രോ (Euthyphro) എന്ന ഡയലോഗ്, മനുഷ്യകർമ്മങ്ങളുടെ ശരാശരികളെക്കുറിച്ചും വിശുദ്ധിയുടെ മാനദണ്ഡങ്ങളെക്കുറിച്ചുമുള്ള അന്വേഷണമാണ്. ദൈവങ്ങളെ ബഹുമാനിക്കായ്ക, യുവജനങ്ങളെ വഴിപിഴപ്പിക്കുക എന്നീ

ആരോപണങ്ങൾക്കു വിചാരണചെയ്യപ്പെട്ട സോക്രട്ടീസ്, ഏഥൻസിലെ ന്യായാസനത്തിനു മുൻപിൽ മറുപടി പറയുന്നതാണ് അപ്പോളജിയിൽ (Apology) ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. സത്യാന്വേഷിയുടെ ജീവിതവീക്ഷണമാണ് അതിൽ അവതരിക്കപ്പെടുന്നത്. മരണത്തിനു വിധിക്കപ്പെട്ട ശേഷം, വിധിനടപ്പാക്കുന്നത് കാത്ത് തടവിൽ കഴിയുന്ന സോക്രട്ടീസ്, തന്നെ സന്ദർശിക്കുന്ന സുഹൃത്തുക്കളും ശിഷ്യന്മാരുമായി നടത്തുന്ന സംഭാഷണമാണ് ക്രിറ്റോ(Crito). തടവിൽനിന്നു രക്ഷപെടാനുള്ള അവരുടെ ഉപദേശം സോക്രട്ടീസ് നിരസിച്ചു. ആ പശ്ചാത്തലത്തിൽ പൗരൻ രാഷ്ട്രനിയമങ്ങൾ ലംഘിക്കുന്നത് ശരിയോ എന്ന വിഷയം ആ കൃതി ചർച്ച ചെയ്യുന്നു.

## റിപ്പബ്ലിക്ക്

പ്ലേറ്റോയുടെ മദ്ധ്യകാലരചനകളിൽ ഒന്നാണെങ്കിലും മനുഷ്യചിന്തയിൽ വലിയ സ്വാധീനമുണ്ടാക്കിയ കൃതിയാണ് റിപ്പബ്ലിക്ക്. ഇത് പ്ലേറ്റോയുടെ മുഖ്യകൃതിയായി അറിയപ്പെടുന്നു. പൊതുവേ പറഞ്ഞാൽ ഇതിലെ ചർച്ചാവിഷയം 'നീതി' (Justice)ആണ്. നീതി എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കേണ്ടത് എന്ന ചോദ്യത്തിൽ തുടങ്ങുന്ന ചർച്ച പിന്നെ ജ്ഞാനം (wisdom), ധൈര്യം(courage), പാകത(moderation) എന്നീ ഗുണങ്ങളെ സ്പർശിക്കുക്കയും ആ ഗുണങ്ങൾ വ്യക്തിയിലും സമൂഹത്തിലും എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്നു അന്വേഷിക്കുകയും ചെയ്യുന്നു. അജ്ഞതയുടെ ഗുഹയിൽ ജീവിച്ചു മരിക്കാൻ വിധിക്കപ്പെട്ട മനുഷ്യജീവികളുടെ ദുരവസ്ഥ ചിത്രീകരിക്കുന്ന പ്രസിദ്ധമായ 'ഗുഹയുടെ അന്യാപദേശം' (Allegory of the Cave) പ്രത്യക്ഷപ്പെടുന്നത് ഈ കൃതിയിലാണ്. പാശ്ചാത്യതത്ത്വചിന്തയിലെ ഏറ്റവും ശ്രദ്ധേയമായ ഖണ്ഡം എന്നു പോലും ഈ ഭാഗം വിശേഷിക്കപ്പെട്ടിട്ടുണ്ട്. ഗുഹക്കുള്ളിൽ അതിന്റെ ഇടുങ്ങിയ പ്രവേശനദ്വാരത്തിനു പുറംതിരിഞ്ഞുനിൽക്കുന്ന മനുഷ്യർ, അരണ്ട വെളിച്ചം ഗുഹാഭിത്തിയിൽ തീർക്കുന്ന നിഴലുകളെ യാഥാർഥ്യങ്ങളായി തെറ്റിദ്ധരിച്ച് ആയുസ്സു പാഴാക്കുന്നു. വ്യക്തിയെ അജ്ഞതയുടെ ഗുഹയിൽനിന്നു രക്ഷപ്പെടുത്തി, ഗുണസുമ്പുഷ്ടമായ മാതൃകാസമൂഹത്തിനു ചേരുംവിധം രുപപ്പെടുത്തിയെടുക്കാൻ പറ്റിയ വിദ്യാഭ്യാസപദ്ധതി എന്താണ് എന്നത് ഈ പശ്ചാത്തലത്തിൽ വിശദമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. ഈ കൃതിയുടെ അവസാനഭാഗം നീതിനിഷ്ഠമായ മാതൃകാഭരണകൂടം ഏത് എന്ന അന്വേഷണമാണ്. വിവിധതരം ഏകാധിപത്യങ്ങളേയും, ജനാധിപത്യത്തേയും പരിഗണിച്ച് തള്ളുന്ന ഈ അന്വേഷണം, തത്ത്വജ്ഞാനിയുടെ ഭരണമാണ് ഏറ്റവും അഭികാമ്യം എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. ആശകളേയും വികാരങ്ങളേയും ബുദ്ധിയുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നാൽ വ്യക്തിയുടെ നീതിനിഷ്ഠയും ഉറപ്പാക്കാം എന്നും ഇതിൽ സ്ഥാപിക്കുന്നുണ്ട്.

പ്ലേറ്റോ ഒടുവിൽ എഴുതിയ കൃതികളിൽ ഡയലോഗിന്റെ ചട്ടക്കൂട് മിക്കവാറും ഉപേക്ഷിച്ചമട്ടാണ് ഉള്ളത്. മുൻകൃതികളിൽ പരാമർശിക്കപ്പെട്ട പല ആശയങ്ങളുടേയും പുനർപരിഗണനയാണ് ഇവയിലെ പ്രതിപാദ്യം. രാഷ്ട്രമീമാസയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന നിയമങ്ങൾ(Laws) എന്ന അപൂർണ കൃതിയും ഇവയിൽ ഉൾപ്പെടുന്നു.

## ആശയവാദം

ഏതിനും അടിസ്ഥാനമായി വർത്തിക്കുന്നതും വസ്തുക്കൾക്ക് മുമ്പേ നിൽക്കുന്നതുമായ ഒന്നാണ് ആശയം. ഇതിന്റെ ഘടന താഴെ.

1. മൗലികവും സ്ഥിരമായതുമാണ് ആശയം

2. വസ്തുക്കൾ, ഗുണങ്ങൾ, കർമങ്ങൾ എന്നിവയ്ക്ക് അടിസ്ഥാനമായ ആശയമാണ് യഥാർഥവും സത്യവും

3. പ്രപഞ്ചം ആശയങ്ങളുടെ യുക്തിഭദ്രമായ വ്യവസ്ഥയാണ്

ഗുഹക്കുള്ളിൽ പാർക്കുന്ന മനുഷ്യർ നിഴലുകളെ യഥാർഥ വസ്തുതകളായി ഭ്രമിക്കുന്നതുപോലെ ഭൗതികലോകമാണ് യാഥാർഥ്യമെന്ന് മനഷ്യർ കരുതുന്നു.

## അനുകരണവാദം

പ്ലേറ്റോയുടെ പ്രധാന സിദ്ധാന്തങ്ങളിലൊന്നാണ് മാതൃകകളുടെ സിദ്ധാന്തം. പദാർഥപ്രപഞ്ചത്തിനപ്പുറം പദാർഥേതരമായ ഒരു മാതൃകാലോകമുണ്ടെന്നും പദാർഥപ്രപഞ്ചത്തിലെ വസ്തുക്കളും ഗുണങ്ങളുമെല്ലാം ഇതരലോകത്തിലെ അവയുടെ ഗുണസമ്പൂർണമായ മാതൃകകളുടെ നിഴലുകൾ മാത്രമാണെന്നുമാണ് മാതൃകകളുടെ സിദ്ധാന്തത്തിന്റെ ചുരുക്കം. സത്യാന്വേഷണമാണ് തത്വചിന്തയുടെ ധർമം എന്ന് പ്ലേറ്റോ പഠിപ്പിക്കുന്നു. ബാഹ്യപ്രപഞ്ചത്തിന് രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് നിർഗുണമായ വസ്തു. രണ്ട് അതിനെ പ്രകാശിപ്പിക്കുന്ന സാർവലൗകികമായ ഗുണങ്ങൾ. ഈ ആശയപ്രപഞ്ചം സത്യം, സൗന്ദര്യം, നന്മ എന്നിവയിൽ അധിഷ്ഠിതമാണ്. നന്മയാണ് നീതി. ഇക്കാണുന്ന ബാഹ്യപ്രപഞ്ചം ആത്യന്തിക സത്യമായ ആശയലോകത്തിന്റെ പ്രതിച്ഛായ മാത്രമാണ്. അതിനാൽതന്നെ ബാഹ്യപ്രപഞ്ചം മിഥ്യയാണ്. ആത്യന്തിക സത്യത്തിന്റെ അനുകരണ മാണ് അത്. കലയും സാഹിത്യവുമാകട്ടെ ആ അനുകരണത്തിന്റെ തീർത്തും കളവായ അനുകരണമാണ്. അതിനാൽ കലയും സാഹിത്യവും അത്യന്തം അവഗണിക്കപ്പെടേണ്ട തുമാണ്.

പ്ലേറ്റോ വിഭാവന ചെയ്ത ആദർശസുന്ദരമായ സ്വതന്ത്ര്യരാഷ്ട്രമാണ് റിപ്പബ്ലിക്. ആ ആദർശലോകത്തുനിന്ന് മിഥ്യയായ കലയെയും സാഹിത്യത്തെയും അദ്ദേഹം നിഷ്കാസനം ചെയ്യുന്നു. റിപ്പബ്ലിക്കിന്റെ പത്താം അധ്യായത്തിൽ കവിതയെ അദ്ദേഹം നിശിതമായ വിമർശനത്തിന് വിധേയമാക്കുന്നു. സാഹിത്യം പ്രചോദനത്തിന്റെ സൃഷ്ടി യാണ്. അതു ജീവിതത്തിന്റെ അനുകരണമാണ്. അതിനാൽതന്നെ അത് മനുഷ്യവികാര ങ്ങളെ ഇളക്കിവിടുന്നു എന്നീ മൂന്നു തത്വങ്ങളിലാണ് പ്ലേറ്റോയുടെ അനുകരണവാദം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. കവികൾ ദുർബലമനസ്സുള്ളവരാണ്. അവർ വികാര ത്തിന്റെ അടിമകളാണ്. അവരെ പിൻപറ്റുന്നവർ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങ ളാകയാൽ കവികളെയും കലാകാരന്മാരെയും തന്റെ ആദർശരാഷ്ട്രത്തിൽനിന്ന് പ്ലേറ്റോ പുറത്താക്കുന്നു.

## കലാകാരും അനുകരണവും

കലയുടെയും കവിതയുടെയും ലോകത്തു പ്രവർത്തിക്കുന്നവർ ദുർബലമനസ്സു കളും ഭ്രാന്തമായ ആശയങ്ങളുടെ വക്താക്കളുമാണ്. യുക്തിയെ കവിത നിരാകരിക്കുന്നു. അത് പൂർണമായും പ്രചോദനത്തെ ആശ്രയിക്കുന്നു. അത് അനുകരണമായ ബാഹ്യപ്രപ ഞ്ചത്തെ വൈകാരികമായി അനുകരിക്കുന്നു (അനുകരണത്തിന്റെ അനുകരണം) എന്ന തിനാൽ കവികളും കലാകാരന്മാരും ഉന്മാദികളാണ്. അവർ അസത്യത്തിന്റെ വക്താക്ക ളാണ്. സാഹിത്യം മനുഷ്യന്റെ ദുർബലവികാരങ്ങളെ ഇളക്കിവിട്ട് അവനെ മൃഗതുല്യനാ ക്കുന്നു. ദുരന്തനാടകങ്ങൾ കാഴ്ചക്കാരിൽ ഭയവും സങ്കടവുമാണ് നിറയ്ക്കുക. ശുഭാ

ന്ത്യനാടകങ്ങളാകട്ടെ പരിഹാസവും വിലകുറഞ്ഞ ഹാസ്യവും ഉദ്പാദിപ്പിക്കുന്നവയാണ്. അതിനാൽ രണ്ടും അവഗണനീയമാണ്.

ദൃശ്യപ്രപഞ്ചത്തിന്റെ അടിസ്ഥാനമായ ആശയത്തെ പ്ലേറ്റോ അടിസ്ഥാനമാതൃക എന്നുവിളിക്കുന്നു.

| **പ്രഥമതലം** | **ദ്വിതീയതലം** | **തൃദ്വീയതലം** |
|---|---|---|
| ആശയപ്രപഞ്ചം | ദൃശ്യപ്രപഞ്ചം | അനുകരണത്തിന്റെ അനുകരണം |
| മൂലമാതൃക | അനുകരണം | കലകൾ |
| അടിസ്ഥാന രൂപം | ഭൗതികലോകം | ഭാവനാത്മക ലോകം |
| രൂപ | നിഴൽ | നിഴലിന്റെ നിഴൽ |
| ഉയർന്നത് | സാധാരണം | താഴ്ന്നത് |
| രാജാവ്, തത്വജ്ഞാനി, ഗുരു | പട്ടാളക്കാരൻ, മന്ത്രി, ഉദ്യോഗസ്ഥർ | കവികൾ, കലാകാരൻ |
| ബുദ്ധി, പ്രജ്ഞ | ബോധം | വികാരം |
| അനിവാര്യമായത് | ആവശ്യമായത് | വിനോദം, കളി |

റിപ്പബ്ലിക് സ്ഥാപിക്കാൻ മനുഷ്യന് കഴിഞ്ഞില്ലെങ്കിൽ സാധ്യമാകുന്ന രണ്ടാമത്തെ ആദർശരാഷ്ട്രമാണ് മെഗ്നീഷ്യ. അവിടെ കവികൾക്കും കലാകാർക്കും ചില നിബന്ധനകൾക്ക് വിധേയമായി പ്രവേശനമുണ്ട്. വിചാരത്തെ ആദർശവൽക്കരിക്കുന്ന ഉത്തമ കലാകാരന്മാരെയും കവികളെയും മാത്രമേ മെഗ്നീഷ്യയിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

## പ്ലേറ്റോയുടെ പ്രാധാന്യം

യഥാർഥത്തിൽ സാഹിത്യത്തെയും കലയെയും അടച്ചാക്ഷേപിക്കുകയായിരുന്നില്ല പ്ലേറ്റോ. മറിച്ച് ചീത്ത സാഹിത്യം സമൂഹത്തിൽ വരുത്തിവെച്ചേക്കാവുന്ന വിനകളെ പ്രവചിക്കുകയായിരുന്നു അദ്ദേഹം. അതുകൊണ്ട് മഹത്തായ സാഹിത്യത്തെയും കവിക ളെയും റിപ്പബ്ലിക്കിൽ അദ്ദേഹം പ്രവേശിപ്പിക്കുന്നുണ്ട്. വിജ്ഞാനം വർധിപ്പിക്കുന്ന സാഹിത്യവും കലയും അംഗീകരിക്കപ്പെടേണ്ടതാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടി ട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങളാൽ പ്ലേറ്റോ സാഹിത്യസിദ്ധാന്ത ചരിത്രത്തിൽ എന്നും അനുസ്മരിക്കപ്പെടേണ്ടതാണ്

1. സാഹിത്യത്തെ തത്വശാസ്ത്രത്തിന്റെ കീഴിലേക്ക് ആനയിച്ച ആദ്യത്തെ ചിന്തക നാണ് അദ്ദേഹം
2. സാഹിത്യം ജീവിതത്തിന്റെ അനുകരണമാണ് എന്ന് ആദ്യമായി ആധികാരിക മായി പറഞ്ഞത് പ്ലേറ്റോ ആണ്
3. അനുകരിക്കേണ്ടത് ബാഹ്യപ്രപഞ്ചത്തെയല്ല, മിറച്ച് ആശയലോകത്തെയാണ് എന്ന് വാദിച്ചതിനാൽ യഥാർഥ സാഹിത്യത്തെയും കലയെയും കുറിച്ച് ചിന്തിപ്പിക്കുക യായിരുന്നു പ്ലേറ്റോ

4. സാഹിത്യവും മാനുഷിക വികാരവും തമ്മിലുള്ള ബന്ധത്തെ ആദ്യമായി ഊന്നിപ്പറഞ്ഞത് പ്ലേറ്റോ ആണ്.

5. അരിസ്റ്റോട്ടിലിന്റെ സാഹിത്യ സിദ്ധാന്തങ്ങൾക്ക് അടിത്തറയിട്ടത് പ്ലാറ്റോയുടെ ദർശനങ്ങളാണ്.

6. പ്ലാറ്റോയുടെ സൗന്ദര്യ തത്വങ്ങൾ, അവതരണതത്വങ്ങൾ എന്നിവ മഹത്തായ സിദ്ധാന്തങ്ങളാണ്.

7. പ്ലേറ്റോയുടെ മനശ്ശാസ്ത്രപരമായ നിരീക്ഷണങ്ങളാണ് ആധുനിക മനശ്ശാസ്ത്രത്തിന് അടിത്തറയിട്ടത്

## അരിസ്റ്റോട്ടിൽ

പ്ലാറ്റോയുടെ ശിഷ്യനായ തത്ത്വചിന്തകനാണ് അരിസ്റ്റോട്ടിൽ (ബി.സി.ഇ. 384 322). അലക്സാണ്ടർ ചക്രവർത്തി അരിസ്റ്റോട്ടിലിന്റെ ശിഷ്യനായിരുന്നു. ഭൗതികശാസ്ത്രം, അതിഭൗതികശാസ്തം, കവിത, ലോജിക്, പ്രസംഗകല, രാഷ്ട്രതന്ത്രം, ഭരണകൂടം, സന്മാർഗശാസ്ത്രം, ജീവശാസ്ത്രം, ജന്തുശാസ്ത്രം എന്നിങ്ങനെ നിരവധി വിഷയങ്ങളിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സോക്രട്ടീസ്, പ്ലേറ്റോ എന്നിവർക്കൊപ്പം ഗ്രീക്ക് തത്ത്വചിന്തയിലെ മഹാരഥൻമാരിലൊരാളായാണ് അരിസ്റ്റോട്ടിലിനെ കണക്കാക്കുന്നത്.

ബി.സി. 384 ൽ വടക്കൻ ഗ്രീസിലെ സ്റ്റാജിറ എന്ന ഗ്രാമത്തിലാണ് അരിസ്റ്റോട്ടിൽ ജനിച്ചത് എന്നതിനാൽ അദ്ദേഹത്തെ സ്റ്റാജിറക്കാരൻ (സ്റ്റാജിറൈറ്റ്) എന്നു വിളിക്കാറുണ്ട്. പിതാവ് വൈദ്യനായിരുന്നു. വൈദ്യം പഠിച്ചെങ്കിലും ഇടക്ക്വെച്ച് പട്ടാളത്തിൽ ചേർന്നു. സൈനികസേവനത്തിനിടയിൽ ഒളിച്ചോടി ഏഥൻസിലെത്തി പ്ലേറ്റോയുടെ ശിഷ്യനായി. പ്ലേറ്റോയുടെ കലാശാലയായ അക്കാദമിയിൽ ചേർന്നു.

മാസിഡോണിയായിലെ അന്നത്തെ ചക്രവർത്തി ഫിലിപ്പ് രാജാവിന്റെ ക്ഷണം സ്വീകരിച്ച അരിസ്റ്റോട്ടിൽ രാജകുമാരനായ അലക്സാണ്ടറുടെ ഗുരുവായി. ഗുരുവായ പ്ലേറ്റോയുടെ പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തങ്ങൾ. പ്ലേറ്റോ ആദർശവാദിയായിരുന്നപ്പോൾ അരിസ്റ്റോട്ടിൽ പ്രയോഗികവാദിയായിരുന്നു. ശാസ്ത്രത്തെ പ്രകൃതിശാസ്ത്രം, ജീവശാസ്ത്രം, രാജ്യതന്ത്രം, തത്വശാസ്ത്രം എന്നിങ്ങനെ തരം തിരിച്ചത് അരിസ്റ്റോട്ടിലാണ്. അദ്ദേഹത്തിന്റെ കാവ്യശാസ്ത്രം (പോയറ്റിക്സ്) ലോകപ്രശസ്തമായ കൃതിയാണ്. സന്മാർഗ്ഗശാസ്ത്രത്തെക്കുറിച്ചെഴുതിയ നിക്കോമാക്കിയൻ എത്തിക്സും പ്രസിദ്ധമാണ്.

പ്ലേറ്റോയുടെ കലാശാലയായ അക്കാദമി പോലെ പ്രസിദ്ധമായിരുന്നു അരിസ്റ്റോട്ടിലിന്റെ കലാശാലയായ ലൈസിയം.

### അനുകരണസിദ്ധാന്തം

പ്ലേറ്റോയുടെ അനുകരണവാദത്തെ ഒരു സിദ്ധാന്തമായി ആവിഷ്കരിച്ചത് അരിസ്റ്റോട്ടിലാണ്. അദ്ദേഹം അതിന് മിമിസിസ് (Mimesis) എന്നാണ് പേരു നൽകിയത്. ഒരു വസ്തുവിന്റെ കേവലമായ പകർപ്പല്ല അനുകരണം. ജീവിതത്തെയും ബാഹ്യലോക ത്തെയും അനുകരിക്കുന്ന കവി അതിന്റെ അന്തസ്സത്തയെ ഭാവനകൊണ്ട് ഗ്രഹിക്കുക യാണ് ചെയ്യുന്നത്. യുക്തിയും വികാരവും ചേർന്ന ഭാവനയാണ് കവി അതിനുവേണ്ടി ഉപയോഗിക്കുന്നത്. അനുകരണമെന്നത് ഭാവാത്മകമായ പുനസൃഷ്ടിയാണ്. കവികൾ സത്യത്തെ ഭാവനാത്മകമായി പുനർരചിക്കുകായണ് ചെയ്യുന്നത്. കവിതയാണ് സത്യ ത്തിന്റെ യഥാർഥ ആവിഷ്കാരം. നടന്നതിനെയോ, നടക്കാനിടയുള്ളതിനെയോ, നടന്ന

തിന്റെ മറ്റൊരു രീതിയെയോ ആണ് കവി ഭാവനയിൽ കാണുന്നത്. അതിനാൽ അതു സത്യത്തിന്റെ ആവിഷ്കാരമാണ്. കാവ്യം ചരിത്രത്തെ ആവിഷ്കരിക്കുന്നു എന്നതുമാത്രല്ല അത് ചരിത്രത്തെക്കാളേറെ താത്വികവും സാർവലൗകികവുമാണ്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ അനുകരണത്തിന് മൂന്ന് ഘടകങ്ങളാണുള്ളത്. 1, മാധ്യമം(മീഡിയ), 2. പ്രമേയം(ഒബ്ജക്ട്), 3. രീതി(മാനർ). സംഗീതകലയുടെ മാധ്യമം ശബ്ദവും ചിത്രകലയുടെത് വർണവും ആണ്.

സംഭവിക്കാനിടയുള്ളതിനെ ചിത്രീകരിക്കുന്നതകാണം കാവ്യവും നാടകവും. സ്വാഭാവികമായ സംഗതികളായിരിക്കണം പ്രതിപാദ്യവിഷയം.

പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും അനുകരണസിദ്ധാന്തത്തിലെ പ്രധാന വ്യത്യാസങ്ങൾ

| പ്ലേറ്റോ | അരിസ്റ്റോട്ടിൽ |
|---|---|
| ഭൗതികലോകം യാഥാർഥ്യമല്ല, നിഴൽ മാത്രമാണ് | ഭൗതികലോകം യാഥാർഥ്യമാണ് |
| അനുകരണം പകർപ്പിന്റെ പകർപ്പാണ് | അനുകരണം സർഗാത്മകമായ പുനസൃഷ്ടിയാണ് |
| കവികൾ തത്വജ്ഞാനികളല്ല, വികാരജീവികളാണ് | കവികൾ അനുകരണവാസനയുള്ളവരാകയാൽ സാധാരണ മനുഷ്യരെക്കാൾ ശ്രേഷ്ഠരാണ്. അവർ വികാരത്താൽ പാകപ്പെടുത്തിയ വികാരമുള്ളവരാണ്. |
| അനുകരണം സത്യത്തിൽ നിന്ന് അകലെയാണ് | അനുകരണത്തിന്റെ ലക്ഷ്യം ആനന്ദമാണ്. അനുകരണം യാഥാർഥ്യവും സത്യവും അനശ്വരവുമാണ് |
| കല അസ്വീകാര്യമാണ് | കല അനിവാര്യമാണ് |
| കലകൾ വികാരഭരിതമായതിനാൽ വിജ്ഞാനത്തെയും വിചാരത്തെയും തടയുന്നു | അനുകരണത്തിലൂടെയാണ് മനുഷ്യൻ എല്ലാ അറിവുകളും കരസ്ഥമാക്കിയത്. അതിലൂടെ അറിവുമാത്രമല്ല ആനന്ദവും ലഭിക്കുന്നു |
| അനുകരണം അധമവൃത്തിയാണഅ | അനുകരണം ഉദാത്തമാണ് |

## ട്രാജഡി നിർവചനം

അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിലെ ആറാം അധ്യായത്തിലാണ് ദുരന്തനാടകങ്ങളെക്കുറിച്ച് വിശദീകരിക്കുന്നത്. ഗൗരവ ശ്രദ്ധ അർഹിക്കുന്ന ഒരു ക്രിയയുടെ അവതണമാണ് ദുരന്തനാടകം. അത് സ്വയം പൂർണതയും വ്യാപ്തിയുമുള്ളതായിരിക്കണം. നാടകത്തിന്റെ വിവിധ ഘടകങ്ങൾക്കു യോഗ്യമായ നാനാതരത്തിലുള്ള കലാകൗശലങ്ങളാൽ സമ്പന്നമാക്കപ്പെട്ട ഭാഷയിലായിരിക്കണം അതിന്റെ അവതരണം. അത് പ്രേക്ഷകരിൽ ഭയകരുണങ്ങളെ ഉദ്ദീപിപ്പിച്ച് അവരുടെ മനസ്സുകളെ ശുദ്ധീകരിക്കണം.

ദുരന്തമാണ് ജീവിത സത്യം. അതിനാൽ ദുരന്തനാടകങ്ങളാണ് യഥാർഥ സാഹിത്യം. ശുഭാന്തനാടകങ്ങൾ (കോമഡി) പ്രതിപാദിക്കുന്നത് പരിഹാസ്യമായ ക്രിയയുടെ അനുകരണങ്ങളാകയാൽ അത് ദുരന്തനാടകത്തോളം മഹത്തരമല്ല.

## ആറുഘടകങ്ങൾ

ട്രാജഡികളിൽ അനിവാര്യമായുണ്ടായിരിക്കേണ്ട നാലു ഘടകങ്ങളെക്കുറിച്ചും അരിസ്റ്റോട്ടിൽ വിശദമാക്കുന്നുണ്ട്.

1. പ്ലോട്ട് (കഥാവിഷയം, പ്രമേയം). മുഖ്യവിഷയമായ സംഭവം നടക്കുന്നതിനുള്ള ചട്ടക്കൂടാണ് പ്ലോട്ട്
2. കഥാപാത്രം
3. കഥാവതരണ ശൈലി (ഡിക്ഷൻ)
4. ഉചിതമായ ചിന്തയും ഭാഷയും (തോട്ട്)
5. ദൃശ്യപരത (സ്പെക്ടാക്ൾ)
6. ഗാനാത്മകത

ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്ലോട്ടാണ്. പിന്നീട് കഥാപാത്രങ്ങൾ. ഈ ആറു ഘടകങ്ങളിലൊന്നിനെയും തീർത്തും അവഗണിക്കാവതല്ല. എന്നാൽ ദൃശ്യപരത, ഗാനാത്മക എന്നിവയ്ക്ക് അമിതപ്രാധാന്യവും ലഭിക്കരുത്. ചിന്ത കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെയാണ് പ്രേക്ഷകർക്ക് ലഭിക്കേണ്ടത്. അത് നാടകരചനയുടെ ഭാഷയെ ആശ്രയിച്ചുനിൽക്കുന്നതിനാൽ ഉന്നതമായ ഭാഷാശൈലിയിലാണ് നാടകം രചിക്കപ്പെടേണ്ടത്. ഗാനങ്ങൾ അവതരിപ്പിക്കുന്ന സംഘമാണ് കോറസ്.

നായകനാണ് ദുരന്തത്തിന്റെ കേന്ദ്രം. നായകൻ ശ്രേഷ്ഠനും ഉത്തമനുമായിരിക്കണം. തന്റെ പ്രവർത്തിയിലോ സ്വഭാവത്തിലോ ഉള്ള ചെറിയൊരു ദൗർബല്യമായിരിക്കണം നായകനെ ദുരന്തത്തിലേക്കെത്തിക്കേണ്ടത്.. ഇതിനെ സൂചിപ്പിക്കാൻ ഹെർമേഷ്യ എന്ന വാക്കാണ് അരിസ്റ്റോട്ടിൽ ഉപയോഗിക്കുന്നത്.

## കതാർസിസ്

അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ കവിത ബോധപൂർവമായ ഒരു പ്രക്രിയയുടെ ഫലമാണ്. കവിത സാധാരണ മനുഷ്യരുടെ വികാരങ്ങളെ ഇളക്കുന്ന എന്ന പ്ലേറ്റോയുടെ ആരോപണത്തെ അത് മനുഷ്യന്റെ മനസ്സുകളെയും വികാരങ്ങളെയും ശുദ്ധീകരിക്കുകയാണ് ചെയ്യുന്നത് എന്നാണ് അരിസ്റ്റോട്ടിൽ വാദിച്ചത്. ഈ വാദത്തെ സമർഥിക്കുന്നതിനായാണ് അദ്ദേഹം കതാർസിസ് എന്ന സാങ്കേതിക പദം ഉപയോഗിക്കുന്നത്. വികാരവിരേചനം, വിമലീകരണം എന്നൊക്കെയാണ് ആ പദത്തിനർഥം. ഹിപ്പോക്രാറ്റസിന്റെ വൈദ്യശാസ്ത്ര ഗ്രന്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. ഒരു വൈദ്യപുത്രനായ അരിസ്റ്റോട്ടിൽ അത് കടമെടുക്കുകയാണ് ചെയ്തത്. ചെറിയ മരുന്നുകൾ നൽകി വയറ്റിൽനിന്ന് മാലിന്യം പുറത്തുകളയുക എന്നതാണ് ഈ പദത്തിന്റെ ഉദ്ദേശ്യം. ആഭിചാരക്രിയകളിലൂടെ പ്രേതബാധ അകറ്റുന്ന മതകർമങ്ങളുടെ ഛായയും ഈ സിദ്ധാന്തത്തിനുണ്ട്. ദുരന്തപൂർണമായ കവിതകൾ വായിച്ച് അസ്വാദകമനസ്സിൽ ഭയവും കരുണയും ഉണ്ടാകുമെന്നും അതുകാരണമായി അവരുടെ മനസ്സ് തെറ്റുകളിൽ നിന്ന് മുക്തമായി വിമലീകരിക്കപ്പെടുമെന്നും അരിസ്റ്റോട്ടിൽ സിദ്ധാന്തിക്കുന്നു.

ഉദാത്തസ്വഭാവമുള്ള നായകരുടെ ദുരന്തമേ പ്രേക്ഷകമനസ്സിൽ ഭയകരുണാദികൾ ഉദ്ദീഭവിപ്പിക്കുകയുള്ളൂ. യൂറിപ്പിഡീസിന്റെ നാടകങ്ങളാണ് അരിസ്റ്റോട്ടിൽ ഇതിന് ഉദാഹരിക്കുന്നത്.

**പ്ലേറ്റോയും അരിസ്റ്റോട്ടിലും**

അരിസ്റ്റോട്ടിൽ തന്റെ ഗുരുവായ പ്ലേറ്റോയുടെ പല നിലപാടുകളുമായും വിയോജിപ്പിലായിരുന്നു. മാതൃകകളുടെ സിദ്ധാന്തം (Theory of forms) തുടങ്ങി പ്ലേറ്റോയുടെ തത്ത്വചിന്തയിലെ പല മൗലിക ആശയങ്ങളേയും അരിസ്റ്റോട്ടിൽ നിരാകരിച്ചു. പ്ലേറ്റോ ആശയവാദിയും അരിസ്റ്റോട്ടിൽ യാഥാർഥ്യവാദിയും ആയിരുന്നു എന്ന് പറയാറുണ്ട്. നവോത്ഥാനചിത്രകാരൻ റഫേലിന്റെ, 'അക്കാദമിയിൽ പ്ലേറ്റോയും അരിസ്റ്റോട്ടിലും സംവാദത്തിലേർപ്പെട്ടിരിക്കുന്ന ചിത്രം' പ്രസിദ്ധമാണ്. ഇരുവരുടേയും അംഗവിക്ഷേപങ്ങൾ അവരുടെ നിലപാടുകളിലെ വ്യത്യാസം വെളിപ്പെടുത്തുന്നു. ആശയവാദിയായ ഗുരു മുകളിലേക്കു വിരൽ ചൂണ്ടിയിരിക്കുമ്പോൾ, യാഥാർഥ്യവാദിയായ അരിസ്റ്റോട്ടിൽ വലംകൈപ്പത്തി ഭൂമിക്കു സമാന്തരമാക്കി നിർത്തിയിരിക്കുന്നു.

## ലോംഗിനസ്

ലോൻജൈനസ് എന്നും ഈ പേര് ഉച്ചരിക്കാറുണ്ട്. ക്രിസ്തുവർഷം ഒന്നോ, മൂന്നോ ശതകങ്ങളിലാണ് ജീവിച്ചിരുന്നത്. ജീവിതകാലത്തെക്കുറിച്ചും ജീവചരിത്രത്തെക്കുറലിച്ചും കൃത്യമായ വിവരങ്ങളില്ല. ഈജിപ്തിലാണ് ജനനം. അലക്സാണ്ട്രിയയിലെ പഠനത്തിനുശേഷം റോമിൽ അധ്യാപകനായി. പ്ലേറ്റോയുടെ ചിന്തകളുടെ പുതിയ തുടർച്ചയായിരുന്നു ലോംഗിനസിന്റെ സിദ്ധാന്തങ്ങൾ. ശിഷ്യരെ അത്യുദാത്തമായ ആത്മീയജീവിതത്തിലേക്ക് നയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഉദാത്തതയെക്കുറിച്ചുള്ള പ്രബന്ധങ്ങൾ (എസ്സേ ഓൺ ദി സബ്ലൈം) എന്നതാണ് പ്രസിദ്ധമായ ഗ്രന്ഥം.

## ഉദാത്തദാ വാദം

ലോംഗിനസിന്റെ ഉദാത്തതയെക്കുറിച്ചുള്ള പ്രബന്ധങ്ങൾ എന്ന ഗ്രന്ഥം അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിനു കിടിപിടിക്കുന്നതാണ്. റൊമാന്റിക് സാഹിത്യത്തിന്റെ നിർമാതാവും ആദ്യ പ്രമാണഗ്രന്ഥം എന്ന് ഇത് അറിയപ്പെടുന്നു. 1554 ൽ ആണ് ഈ ഗ്രന്ഥം കണ്ടെടുക്കുന്നത്. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിൽ റൊമാന്റിക് ആശയലോകത്തിന് വമ്പൻ പ്രചാരം ലഭിച്ച കാലത്താണ് ഇത് പ്രസിദ്ധമാവുന്നത്.

സാഹിത്യത്തിന്റെ ലക്ഷ്യം പ്രയോഗം എന്നിവയെക്കുറി ച്ചാണ് ലോംഗിനസ് ആദ്യമായി പ്രസ്താവിക്കുന്നത്. അനുവാചകരിൽ പ്രേരണചെലുത്തുകയല്ല, മറിച്ച് ഉദാത്തമായ തലത്തിലേക്കെത്തിക്കുക എന്നതാണ് ഉത്തമമായ രചനയുടെ ലക്ഷ്യം. കേവലം അധ്യാപനമോ ആനന്ദമോ അല്ല ഉന്നതമായ ഭാഷയുടെ ഫലം. അത് ആത്മീയമായ ഉത്കർഷമാണ്. ട്രാൻസ്പോർട്ടേഷൻ എന്ന പദമാണ് ഈ പ്രക്രിയയെ സൂചിപ്പിക്കുന്നത്. രചനയുടെ സമയത്ത് കവി അനുഭവിച്ച അതേ ഉത്കർഷം അനുവാചകരിലുമെത്തിക്കാനാവണം.

ഉദാത്തതയെ എങ്ങിനെ തിരിച്ചറിയും. ആവർത്തിച്ചുള്ള പരിശോധനയ്ക്കും പഠനത്തിനും ശേഷം പിന്നെയും പിന്നെയും ആകർകഷമാണെന്ന് പണ്ഡിതർക്കും ബുദ്ധിയുള്ളവർക്കും സഹൃദർക്കും ഒരുപോലെ തോന്നുന്ന രചനകളാണ് ഉദാത്ത രചനകൾ. ഉദാത്തഭാവത്തെ ഹനിക്കുന്ന മൂന്നു കാര്യങ്ങളുണ്ട്.

1. അർഥകഗൗരവമില്ലാത്തിടത്ത് പ്രയോഗിക്കുന്ന ശബ്ദപ്രൗഢി
2. ഉദാത്തഭാവത്തെ ഹനിക്കുന്ന ഭാഷാപ്രയോഗങ്ങൾ
3. കൃത്രിമമായ ഭാവപ്രകടനം

ഉദാത്തതയ്ക്ക് അഞ്ച് ഉറവിടസ്ഥാനങ്ങളുണ്ട്.

1. ഉത്കൃഷ്ടമായ കവിഹൃദയം
2. ഉജ്വലമായ വികാരം
3. ഉയർന്ന ചിന്ത
4. ഉന്നതമായ ഭാഷ
5. രചനയുടെ സമഗ്രമായ മഹനീആഃ

## മൊഡ്യൂൾ 2

# വില്യം വേഡ്സ് വർത്ത്

(ജനനം: 1770 ഏപ്രിൽ 7  മരണം: 1850 ഏപ്രിൽ 23)

ഇംഗ്ലീഷ് സാഹിത്യത്തിൽ കാൽപ്പനികയുഗത്തിനു തുടക്കംകുറിച്ച മഹാനായ കവിയാണ് വില്യം വേഡ്സ്‌വർത്ത്. കോൾറിഡ്ജുമായിച്ചേർന്ന് 1798 ൽ പ്രസിദ്ധീകരിച്ച *ലിറിക്കൽ ബാലഡ്സ്* എന്ന കൃതിയാണ് ഇംഗ്ളീഷ് സാഹിത്യത്തിൽ കാൽപ്പനികയുഗത്തിനു നാന്ദികുറിച്ചത്. ഇംഗ്ലണ്ടിലെ കോക്കർമൗത്ത് എന്ന പ്രകൃതി രമണീയമായ സ്ഥലത്താണ് വേഡ്സ്‌വർത്ത് ജനിച്ചത്.

1787ൽ കേംബ്രിജിലെ സെന്റ് ജോൺസ് കോളജിൽനിന്ന് ബിരുദം നേടി. 1793 ൽ പ്രഥമ കവിതാ സമാഹാരം പുറത്തിറക്കി. An Evening Walk and Descriptive Sketches. സാമുവൽ ടെയ്‌ലർ കോളറിജിനെ കണ്ടുമുട്ടിയതോടെയാണ് വേഡ്സ് വർത്തിന്റെ സാഹിത്യജീവിതത്തിൽ പുതിയ ദിശാബോധം വന്നത്. 1798 ലാണ് ഇരുവരും ചേർന്ന് *ലിറിക്കൽബാലഡ്സ്* പുറത്തിറക്കിയത്. 1802 ൽ ഇതിന്റെ രണ്ടാം പതിപ്പിൽ വേഡ്സ്‌വർത്ത് എഴുതിച്ചേർത്ത മുഖവുര (പ്രിഫേസ്) ഇംഗ്ലീഷ് സാഹിത്യത്തിൽ കാൽപ്പനിക പ്രസ്ഥാനത്തിന് വിത്തുപാകി. ഈ ആമുഖ ലേഖനത്തിൽ വേഡ്സ്വർത്ത് കവിതയ്ക്ക് നൽകിയ നിർവചനം "the spontaneous overflow of powerful feelings from emotions recollected in tranquiltiy" എന്നാണ്.

### കാവ്യ നിർവചനം

വേഡ്സ്‌വർത്ത് ലിറിക്കൽ ബാലഡ്സിനു  രചിച്ച മുഖവുരയിൽ കാവ്യത്തിന് രണ്ട് നിർവചനങ്ങൾ നൽകുന്നുണ്ട്. എല്ലാ നല്ല കവിതകളും അതിശക്തമായ വികാരങ്ങളുടെയും ചിന്തകളുടെയും തടസ്സങ്ങളിലാത്ത ഒഴുക്കാണ് എന്നതാണ് ഒന്നാമത്തെ നിർവചനം. ശാന്തമായ അവസ്ഥകളിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങളിൽ നിന്നാണ് കവിത പുറപ്പെടുന്നത് എന്നാണദ്ദേഹത്തിന്റെ രണ്ടാമത്തെ നിർവചനം. ഈ രണ്ടു ചിന്തകളും പരസ്പരം പൂരകങ്ങളാണ്. കവിതയുടെ ലക്ഷ്യം കേവലമായ ആനന്ദമല്ലെന്നും ചിന്തകൾക്ക് അതിൽ സ്ഥാനമുണ്ടെന്നുംകൂടി അദ്ദേഹം ഇതിലൂടെ സമർഥിക്കുന്നുണ്ട്.

കാവ്യനിർമാണപ്രക്രിയയുടെ നാല് ഘട്ടങ്ങളെ വേഡ്സ്‌വർത്ത് മുന്നിൽ കാണുന്നു. ആദ്യഘട്ടത്തിൽ കാവ്യഹേതുവായ സംഗതി, അത് ഒരു ആശയമോ അനുഭവമോ ആകാം, ഉദിക്കുന്നു. അതിൽ മനസ്സ് സ്ഥിരമാവുകയും ഭാവന പ്രവർത്തനനിരതമാവുകയും ചെയ്യുന്ന ഘട്ടമാണ് രണ്ടാമത്തേത്. പ്രശാന്തമായ  ഒരവസരത്തിൽ ആ കാവ്യഹേതു വീണ്ടും ഓർമയിലെത്തുന്നു. അതുണ്ടാക്കുന്ന വികാരം അനർഗളമായി കാവ്യരൂപത്തിൽ പ്രവഹിക്കുന്നതാണ് നാലാം ഘട്ടം. ഒന്നാമത്തെ ഘട്ടത്തിൽ നിന്ന് അനുസ്മരണത്തിന്റെ ഘട്ടത്തിലേക്കുള്ള കാലദൈർഘ്യം നിമിഷം മുതൽ വർഷങ്ങൾ വരെ ആകാം. വളരെ ചെറിയ കുട്ടിയായിരുന്നപ്പോഴുള്ള അനുഭവം പതിറ്റാണ്ടുകൾക്കുശേഷം വൈലോപ്പിള്ളിയിൽ ഉണർന്നതാണ് മാമ്പഴം എന്ന കവിത.

കവിത മനുഷ്യഭാവത്തിന്റെയും പ്രകൃതിയുടെയും പ്രതിബിംബമാണ്.  മനുഷ്യൻ ആവിഷ്കരിച്ച  സകലമാന വിജ്ഞാനങ്ങളുടെയും അന്തസത്ത കാവ്യമാണ്. എന്നാൽ കവിതയ്ക്ക് ഭാവനാശക്തി എന്ന അധികഗുണംകൂടിയുണ്ടെന്ന് വേഡ്സ്‌വർത്ത് സമർഥിക്കുന്നു. അതിനാൽ എല്ലാ വിജ്ഞാനങ്ങൾക്കും മുകളിലാണ് കവിതയുടെ സ്ഥാനം.

### ഭാവനയുടെ പ്രാധാന്യം

ഭാവനയുടെ പ്രാധാന്യമാണ് ലിറിക്കൽ ബാലഡ്സിന്റെ ആമുഖത്തിൽ വേഡ്സ് വർത്ത് വിശദമാക്കുന്ന മറ്റൊരു പ്രധാന സംഗതി. ഭാവന പ്രകൃതിയെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന അടിസ്ഥാന ഘടകമാണ്. പരമമായ ശക്തിക്കും ഏറ്റവും തെളിഞ്ഞ ദർശനത്തിനും മനസ്സിന്റെ വലിപ്പത്തിനുമുള്ള മറ്റൊരു പേരാണ് ഭാവന. യുക്തിയുടെ ഉദാത്തമായ അവസ്ഥയാണ് ഭാവന.

### കാവ്യഭാഷ

കവിതയുടെ ഭാഷ (പോയറ്റിക് ഡിക്ഷൻ) സാധാരണക്കാരുടേതാവണം എന്ന് വേഡ്സ്വർത്ത് നിർദേശിക്കുന്നു. അത് സ്വാഭാവികമായിരിക്കണം. നാഗരികരുടെ ഭാഷയിൽ കൃത്രിമത്വവും കാപട്യവുമുണ്ട്. എന്നാൽ ഗ്രാമഭാഷ ശുദ്ധവും കലർപ്പില്ലാത്തതുമായിരിക്കും. അതിനാൽ ഉന്നതമായ വികാരങ്ങളുടെ ആവിഷ്കാരമായ കവിതയ്ക്കു നല്ലത് ഗ്രാമീണരുടെ ഭാഷയാണ്. കൃത്രിമമായ എന്തിനെയും വേഡ്സ്വർത്ത് എതിർക്കുന്നു. കവിതയുടെ ഛന്ദസ്സുപോലും കൃത്രിമായാൽ ഉപേക്ഷിക്കാമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. നല്ല ഗദ്യവും മികച്ച കവിതയാകും. ഹോമർ പോലുള്ള കവികളുടെ ഭാഷ സാധാരണക്കാരുടെതായിരുന്നു. എന്നാൽ പിൽകാല ക്ലാസ്സിക് കവികൾ കവിതയിൽ കൃത്രിമമായ ഭാഷയാണ് ഉപയോഗിച്ചത്. കവിത അനുവാചകർക്ക് പിടികിട്ടാത്ത വാചകക്കസർത്തുകൾക്കെതിരെ വേഡ്സ്വർത്ത് ശക്തമായി പ്രതികരിച്ചിട്ടുണ്ട്. എന്നാൽ ഈ വാദം സ്വന്തം കവിതയ്ക്കെതിരെത്തന്നെയാണെന്ന് വിമർശനമുണ്ടായിട്ടുമുണ്ട്. അത്രയും ഗ്രാമ്യമായ ഭാഷയിലായിരുന്നില്ല വേഡ്സ്വർത്തിന്റെ കവിതകൾ.

## സാമുവൽ ടെയ്‌ലർ കോൾറിഡ്ജ്

(ജനനം: 21 ഒക്ടോബർ1772; മരണം 25 ജൂലൈ 1834)

കവിയും, സാഹിത്യനിരൂപകനും, ദാർശനികനും ആയിരുന്നു സാമുവൽ ടെയ്‌ലർ കോൾറിഡ്ജ്. ഉറ്റസുഹൃത്തായിരുന്ന വേഡ്സ്വർത്തിനൊപ്പം ഇംഗ്ലീഷ് കവിതയിലെ കാല്പനികപ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ ഒരാളായി എണ്ണപ്പെടുന്നു. കോൾറിഡ്ജ് ഏറ്റവുമധികം അറിയപ്പെടുന്നത് റൈം ഓഫ് ദ് എൻഷ്യന്റ് മാരിനർ, കുബ്ലാ ഖാൻ എന്നീ കവിതകളുടേയും, സാഹിത്യജീവചരിത്രം (Biographia Literaria) എന്ന ഗദ്യകൃതിയുടേയും പേരിലാണ്. കോൾറിഡ്ജിന്റെ നിരൂപണങ്ങൾ, പ്രത്യേകിച്ച് ഷേക്സ്പിയറിനെക്കുറിച്ചുള്ളവ, ഏറെ സ്വാധീനംനേടുകയും ജർമ്മൻ ആശയവാദദർശനത്തെ ആംഗലഭാഷാലോകത്തിനു പരിചയപ്പെടുത്തുകയും ചെയ്തു. 'അവിശ്വാസത്തിന്റെ അവധിയെടുക്കൽ' (Suspension of Disbelief) എന്ന പ്രഖ്യാതമായ പ്രയോഗം ഉൾപ്പെടെ, സാഹിത്യചിന്തയിൽ ഏറെ പ്രചാരം കിട്ടിയ പല പ്രയോഗങ്ങളും പദങ്ങളും കോൾറിഡ്ജിന്റെ കണ്ടെത്തലുകളായുണ്ട്. ബാലഡ്സിന്റെ പ്രസിദ്ധീകരണസമയത്ത് വേഡ്സ്വർത്തിനൊപ്പം ജർമ്മനിയിലെത്തിയ കോൾറിഡ്ജ് ഗോട്ടിഞ്ഞൻ സർവകലാശാലയിൽ പഠനം തുടങ്ങി. വേഡ്സ്വർത്തും ഡോറത്തിയും താമസിയാതെ ഇംഗ്ലണ്ടിലേക്കു മടങ്ങി. ഒരു വർഷത്തോളം ജർമ്മനിയിൽ കഴിഞ്ഞ കോൾറിഡ്ജ്, ജർമ്മൻ ഭാഷ പഠിക്കാനും ജർമ്മൻ തത്ത്വചിന്തയിൽ അവഗാഹം നേടാനും ശ്രമിച്ചു. തത്ത്വചിന്തയുടെ കെട്ടുപാടുകളിൽ, സംവേദനാശേഷിയും കല്പനാചാതുരിയും ദുർബ്ബലമായതോടെ അദ്ദേഹം കവിതയെ മിക്കവാറും ഉപേക്ഷിച്ചു.

'എന്നിലെ കവി മരിച്ചു; ഒരു വരി എഴുതുന്നതെങ്ങനെയെന്ന് ഞാൻ മറന്നു' എന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. 1799 ൽ ഇംഗ്ലണ്ടിൽ മടങ്ങിയെത്തി. മോണിങ്ങ് പോസ്റ്റ് ദിനപ്പത്രം എഡിറ്ററുടെ ജോലി സ്വീകരിച്ച് ലണ്ടണിലേക്കു പോയി. ഒരുവർഷത്തിനു ശേഷം മാൾട്ടയിലെ ബ്രിട്ടീഷ് ഗവർണ്ണറുടെ കാര്യദർശിയും മറ്റുമായി കോൾറിഡ്ജ് ജോലിചെയ്തു. 1806 ൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തി. 1810ൽ വേഡ്സ്വർത്തുമായുള്ള കോൾറിഡ്ജിന്റെ സൗഹൃദം അവസാനിച്ചു.

ശാരീരികവും മാനസികവുമായ തകർച്ചകൾക്കിടയിലും കോൾറിഡ്ജ് ചിന്തയുടെ ലോകത്ത് ശ്രദ്ധിക്കപ്പെടുന്ന സാന്നിദ്ധ്യമായിരുന്നു. ഇംഗ്ളീഷ് റൊമാന്റിക് അഭ്യുദയ ത്തിന്റെ ദാർശനികനായി അദ്ദേഹം അറിയപ്പെട്ടു. വിമർശന സാഹിത്യത്തെ വേദത്തി ന്റെയും തത്വചിന്തയുടെയും വേദിയിലേക്കെത്തിക്കാൻ അദ്ദേഹതത്തിനു കഴിഞ്ഞു. 1808 മുതൽ 1815 വരെ അദ്ദേഹം ബ്രിസ്റ്റളിലും ലണ്ടണിലെ റോയൽ സ്ഥാപനത്തിലും പ്രഭാഷണങ്ങൾ നടത്തി. ഈ പ്രഭാഷണങ്ങൾ പ്രമുഖരുടെ മതിപ്പു നേടി. ഇതേകാലത്തു തന്നെയാണ് കോൾറിഡ്ജ് 'സാഹിത്യജീവചരിത്രം' (Biographia Literaria) എന്ന വിഖ്യാതകൃതിയും രചിച്ചത്. സാഹിത്യത്തിലേയും ദർശനത്തിലേയും കോൾറിഡ്ജിന്റെ നിലപാടുകളിലേക്കുള്ള ഏറ്റവും നല്ല വഴികാട്ടിയെന്നതിനൊപ്പം വേഡ്വർത്തിന്റെ സാഹിത്യചിന്തയുടെ വിശകലനവും വിമർശനവും കൂടിയാണ് ഈ കൃതി.

## കവിപ്രതിഭ

റൊമാന്റിക് കവികളുടെ ധാരണയെ അനുസരിച്ച് കവതി വികാരപ്രധാനമാണെ ന്നുതന്നെ കോൾറിഡ്ജ് സമ്മതിക്കുന്നു. സൗന്ദര്യത്തെ ഉപാധിയാക്കി ലഭിക്കേണ്ട ആഹ്ലാ ദത്തിനുവേണ്ടി വികാരത്തെ ഉദ്ദീപിപ്പിക്കലാണ് കവിത. നാല് അംശങ്ങളാണ് കവിത യ്ക്കുള്ളത്.

1. അത് വികാരത്തെ ആവിഷ്കരിക്കുന്നു. അനുവാചകരിൽ വികാരം ഉൽപാദിപ്പി ക്കുകയും ചെയ്യുന്നു.
2. കവിത സൗന്ദര്യത്തെ ഉപാധിയാക്കുന്നു.
3. കവിതയുടെ ലക്ഷ്യം ആഹ്ലാദമാണ്.
4. കവിത ആദ്യന്തികമായി ആശയവിനിമയവും സംവേദനത്വവുമാണ്.

ഉത്തമമായ കാവ്യത്തിന് നാലു ഗുണങ്ങൾ അദ്ദേഹം നിർദേശിക്കുന്നുമുണ്ട്

1. കവിതയുടെ ശിൽപഘടന അത്യന്തം സുമധുരവും സൗന്ദര്യവത്തും ആയിരിക്ക ണം.
2. പ്രതിപാദ്യവിഷയം കഴിവതും സ്വകാര്യമാവാതെ സൂക്ഷിക്കണം.
3. അവതരിപ്പിക്കുന്ന ചിന്തയ്ക്ക് ആഴവും ഊർജ്വസ്വലതയുമുണ്ടായിരിക്കണം.
4. കവിതയിലെ ആകെക്കൂടിയുള്ള വികാരത്തിന് ഏകാഗ്രതയുണ്ടായിരിക്കണം.

## ഇമാജിനേഷൻ (ഭാവന)

കോൾറിഡ്ജിന്റെ കാവ്യദർശനത്തിൽ മുഖ്യമായത് ഭാവനയെക്കുറിച്ചുള്ള സിദ്ധാ ന്തമാണ്. ലോക്ക്, ഹ്യൂം, അഡിസൺ എന്നിവർ ഭാവനയെക്കുറിച്ച് നടത്തിയ നിഗമന ങ്ങളെ അദ്ദേഹം തിരുത്തിയെഴുതി. ഭാവന സ്മരണയുടെ വകഭേദമെന്നായിരുന്നു ഹ്യൂം വാദിച്ചത്. ആശയങ്ങളുടെ സമ്മേളനമായാണ് ലോക്ക് ഭാവനയെ കണ്ടത്. കോൾറിഡ്ജ് അത്തരം ഭാവനകളെ ഇമാജിനേഷൻ എന്നതിനു പകരം ഫാൻസി എന്നാണ് വിളിച്ചത്. സ്ഥലകാല ബന്ധങ്ങളിൽ നിന്ന് അടർത്തിയെടുത്ത സ്മരണകളാണ് ഫാൻസി. ഫാൻസി

യെക്കാൾ ശക്തമായ ഒരു കാവ്യനിർമാണരഹസ്യം കവികളിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് കോൾറിഡ്ജ് വാദിച്ചു. അതാണ് ഇമാജിനേഷൻ. ഇല്ലാത്തതിനെ സൃഷ്ടിക്കാനുള്ള കഴിവാണ് ഇമാജിനേഷൻ. അപൂർവശക്തിയുള്ള കവിതകൾക്ക് ജന്മം നൽകാൻ കവി കളെ പ്രാപ്തരാക്കുന്നത് ഈ ഭാവനാശക്തിയാണ്.

ഭാവന രണ്ടുവിധത്തിലുണ്ട്. പ്രാധമിക ഭാവനയും ദ്വിതീയ ഭാവനയും (പ്രൈമറി ഇമാജിനേഷൻ, സെകന്ററി ഇമാജിനേഷൻ). പ്രാഥമിക ഭാവന പാകപ്പെടുത്തിയ രൂപത്തി ലാണ് ബാഹ്യലോകത്തിന്റെ രൂപം മനസ്സിൽ പതിയുന്നത്. വസ്തുക്കളുടെയും ആശയ ങ്ങളുടെയും വസ്തുതതകൾ ഗ്രഹിക്കാൻ സഹായിക്കുന്ന മാനസിക ശക്തിയാണത്. ഇത് വിശേഷബുദ്ധിയുള്ള എല്ലാ മനുഷ്യരിലുമുണ്ട്. എന്നാൽ ദ്വിതീയ ഭാവന കവികൾക്കു മാത്രമേ ഉള്ളൂ. പ്രാഥമിക ഭാവനയെക്കാൾ ശക്തിമത്താണത്. സാധാരണ മനുഷ്യർ മന സ്സിലാക്കുന്നതിനപ്പുറത്തെ കാര്യങ്ങളിലേക്ക് ആശയങ്ങളെയും വസ്തുക്കളെയും നയി ക്കുന്നതിന് കവികളെ പ്രാപ്തരാക്കുന്നത് ദ്വിതീയ ഭാവനയാണ്. പ്രാഥമിക ഭാവനയുടെ പ്രതിധ്വനിയാണ് ദ്വിതീയ ഭാവന. അനുഭവങ്ങളെ കാവ്യരൂപത്തിലേക്ക് പുനസൃഷ്ടിക്കാ നുള്ള പ്രതിഭാവിലാസത്തെ എസംപ്ലാസ്റ്റിക് ഇമാജിനേഷൻ എന്നാണ് കോൾറിഡ്ജ് വിശേഷിപ്പിക്കുന്നത്. ബാഹ്യലോകം നിർജീവവും നിശ്ചേതനവുമാണ്. ഇവയുടെ പിന്നിൽ സജീവമായ നിത്യലോകമുണ്ട്. സത്യം, സൗന്ദര്യം, ധർമം എന്നിവ സമ്മേളി ക്കുന്ന ശാശ്വാത ലോകമാണത്. ഈ ലോകരഹസ്യം ഭാവനയിലൂടെ കവികൾ ആവിഷ്ക രിക്കുന്നു. അങ്ങനെ നിർജീവമായ ബാഹ്യലോകത്തെ സജീവവും നിത്യവുമാക്കാൻ ഭാവനയ്ക്ക് കഴിയുന്നു. ഈശ്വര ചൈതന്യം മനുഷ്യാത്മാവിലേക്ക് സന്നിവേശിപ്പിക്കാൻ ഭാവനയ്ക്ക് സാധിക്കുന്നു.

## ലിയോ ടോൾസ്റ്റോയ്

(സെപ്റ്റംബർ 9, 1828 നവംബർ 20, 1910)

ലിയോ നിക്കോളെവിച്ച് ടോൾസ്റ്റോയ് എന്നാണ് ഇദ്ദേഹത്തിന്റെ മുഴുവൻ പേര്. റഷ്യൻ എഴുത്തുകാരനും ചിന്തകനുമായിരുന്നു. യുദ്ധവും സമാധാനവും (War and Peace), അന്നാ കരേനിന എന്നീ നോവലുകളിലൂടെ അദ്ദേഹം പ്രശസ്തനായി. റഷ്യൻ ജീവിതത്തിന്റെ തനതായ ആവിഷ്കാരവും മനുഷ്യജീവിതത്തിലേയും ചരിത്രത്തിലേയും പ്രശ്നങ്ങളോടുള്ള സമഗ്രമായ സമീപവുംമൂലം ടോൾസ്റ്റോയിയുടെ രചനകൾ ശ്രദ്ധിക്കപ്പെട്ടു. ഒരു ചിന്തകനെന്ന നിലയിൽ, അക്രമാരഹിത പ്രതിരോധമെന്ന ആശയത്തിന് അദ്ദേഹം പ്രത്യേകം ഊന്നൽ നൽകി. അഹിംസാമാർഗ്ഗം പിന്തുടർന്ന മഹാത്മാ ഗാന്ധി, മാർട്ടിൻ ലൂതർ കിംഗ് തുടങ്ങിയവർ, വലിയൊരളവോളം അദ്ദേഹത്തോട് ആശയപരമായി കടപ്പെട്ടിരിക്കുന്നു.

പടിഞ്ഞാറൻ റഷ്യയിലെ റ്റൂള നഗരത്തിനടുത്തുള്ള യാസ്നയ പോല്യാനയിലാണ് ടോൾസ്റ്റോയി ജനിച്ചത്. കസാൻ സർവകലാശാലയിൽ നിയമവും പൗരസ്ത്യ ഭാഷകളും പഠിച്ചെങ്കിലും ബിരുദമൊന്നും നേടിയില്ല. പഠനം ഇടക്കുവച്ചു മതിയാക്കിയ അദ്ദേഹം മോസ്കോയിലും സെന്റ് പീറ്റേഴ്സ്ബർഗിലുമായി കുറേക്കാലം കുത്തഴിഞ്ഞ ജീവിതം നയിച്ചു. ജീവിതത്തിന്റെ ആദ്യകാലമത്രയും ഉന്നതമായ ആദർങ്ങൾക്കും അവയ്ക്കു നിരക്കാത്ത ജീവിതത്തിനും ഇടക്കു ചാഞ്ചാടുകയായിരുന്ന ടോൾസ്റ്റോയി 1851 ൽ കോക്കെസസിലെത്തി റഷ്യൻ സൈന്യത്തിൽ ചേർന്നു. ക്രീമിയൻ യുദ്ധത്തിൽ ഒരു പീരങ്കിസേനാവിഭാത്തിന്റെ തലവനായി പങ്കെടുത്തു. ഇക്കാലത്ത് മൂന്നു

ഭാഗങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ട ബാല്യം കൗമാരം യൗവനം എന്ന ജീവചരിത്രസംബന്ധിയായ കൃതിയായിരുന്നു ടോൾസ്റ്റോയിയുടെ ആദ്യത്തെ പ്രധാന രചന. അത് അദ്ദേഹത്തെ എഴുത്തുകാരനെന്നുള്ള നിലയിൽ ശ്രദ്ധേയനാക്കി. സൈന്യത്തിൽ വിരമിച്ചശേഷം 1857 ൽ ടോൾസ്റ്റോയി ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ പര്യടനത്തിനൊടുവിൽ യാസ്നിയ പോല്യാനായിൽ തിരികെയെത്തിയ അദ്ദേഹം അവിടെ താമസമാക്കി, കർഷകരുടെ കുട്ടികൾക്കായി ഒരു വിദ്യാലയം സ്ഥാപിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റഷ്യയുടെ മേലുണ്ടായ നെപ്പോളിയന്റെ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ, മനുഷ്യചരിത്രത്തിന്റെ ഗതിയെ നിശ്ചയിക്കുന്നതെന്താണെന്ന് അന്വേഷിക്കുകയാണ് ടോൾസ്റ്റോയി യുദ്ധവും സമാധാവ നവും എന്ന നോവലിൽ. ചരിത്രം സൃഷ്ടിക്കുന്നത് മഹദ്വ്യക്തികളായി എണ്ണപ്പെടുന്ന നെപ്പോളിയനെപ്പോലുള്ളവരുടെ ഇച്ഛാശക്തിയല്ലെന്നും സാധാരണജീവിതം നയിക്കുന്ന ജനലക്ഷങ്ങളുടെ പ്രവർത്തനങ്ങളിലാണ് ചരിത്രസംഭവങ്ങളുടെ വിശദീകരണം കണ്ടെത്താൻ ശ്രമിക്കേണ്ടതെന്നും അദ്ദേഹം വാദിക്കുന്നു. മോസ്കോയിലും പീറ്റേഴ്സ്ബർഗ്ഗിലുമുള്ള അഞ്ചുകുടുംബങ്ങളുടെ കഥയിലൂടെയാണ് ടോൾസ്റ്റോയി ചരിത്രത്തെക്കുറിച്ചുള്ള ഈ നിലപാട് അവതരിപ്പിക്കുന്നത്. സ്നേഹരഹിതമായ വിവാഹത്തിന്റെ ബന്ധനം സൃഷ്ടിച്ച ശൂന്യതയിൽ വിവാഹേതരപ്രണയത്തിലേക്കും അവിശ്വസ്തതയിലേക്കും തള്ളപ്പെട്ട ഒരു സ്ത്രീയുടെ കഥയാണ് അന്നാ കരേനിന.

അന്നാ കരേനിനയുടെ രചനക്കുശേഷം ടോൾസ്റ്റോയി അതികഠിനമായ ആത്മീയ പ്രതിസന്ധിയിലൂടെ കടന്നുപോയി. റഷ്യൻ ഓർത്തോഡൊക്സ് സഭപോലുള്ള വ്യവസ്ഥാപിത മതങ്ങളുടെ വിശ്വാസസംഹിതയേയും ജീവിതവീക്ഷണത്തേയും അദ്ദേഹം തള്ളിപ്പറഞ്ഞു. 1901 ൽ ഒർത്തൊഡോക്സ് സഭ ടോൾസ്റ്റോയിയെ അതിന്റെ കൂട്ടായ്മയിൽ നിന്ന് പുറത്താക്കുകപോലും ചെയ്തു. മുഖ്യധാരാ സഭകളുടേതിൽ നിന്ന് വ്യത്യസ്തമായ ക്രൈസ്തവവിശ്വാസത്തിലേക്ക് അദ്ദേഹം പരിവർത്തിതനാകുകയാണ് ചെയ്തത്. മനുഷ്യ സ്നേഹത്തിന്റേയും, സഹോദര ഭാവത്തിന്റേയും, ലളിതജീവിതത്തിന്റേയും സന്ദേശമായിരുന്നു അദ്ദേഹത്തിന്റെ പുതിയ മതം. അക്രമരാഹിത്യത്തോടൊപ്പം സസ്യാഹാരത്തിനും, ബ്രഹ്മചര്യനിഷ്ഠയ്ക്കും അദ്ദേഹം ഊന്നൽ കൊടുത്തു. അന്നുവരെ നയിച്ചിരുന്ന ജീവിതത്തെയും, തന്റെ സാഹിത്യ രുചികളെപ്പോലും, വിമർശനബുദ്ധ്യാ വിലയരുത്തുന്ന കുമ്പസ്സാരങ്ങൾ (Confessions) എന്ന കൃതി ഈ പ്രതിസന്ധിഘട്ടത്തിനൊടുവിൽ (1879) എഴുതിയതാണ്.

ടോൾസ്റ്റോയിയുടെ പിന്നീടുള്ള രചനകളിൽ ഒരു മുഖ്യപങ്കും ലളിതമായ ശൈലിയിൽ എഴുതപ്പെട്ട കഥകളാണ്. ഒരുമനുഷ്യന് എത്രമാത്രം ഭൂമിവേണം എന്ന പ്രസിദ്ധകഥ ഇതിന് ഒരുദാഹരണമാണ്. ഇവയിൽ പലതിലും സാഹിത്യകാരനായ ടോൾസ്റ്റോയിക്കും മേലെ വായനക്കാർ കണ്ടെത്തുന്നത് ധർമ്മപ്രഭാഷകനായ ടോൾസ്റ്റോയിയെയാണ്. അതേസമയം, അക്കാലത്തും മുന്തിയ സാഹിത്യഗുണം പ്രകടിപ്പിക്കുന്ന കഥകൾ ടോൾസ്റ്റോയി രചിച്ചിട്ടുണ്ട്. 1886ൽ പ്രസിദ്ധീകരിക്കപ്പെട്ട ഇവാൻ ഇല്ലിച്ചിന്റെ മരണം എന്ന ലഘുനോവൽ അത്തരം രചനകളിലൊന്നാണ്.

1897ൽ പ്രസിദ്ധീകരിച്ച എന്താണ് കല എന്ന പ്രബന്ധം പരിവർത്തിതനായ ടോൾസ്റ്റോയിയുടെ കലാവീക്ഷണത്തിന്റെ സംഗ്രഹമാണ്. ഇതിൽ അദ്ദേഹം

ചരിത്രത്തിലെ എണ്ണപ്പെട്ട എഴുത്തുകാരായ ഷേക്സ്പിയർ, ഡാന്റേ, സംഗീതജ്ഞരായ വാഗ്നർ, ബീഥോവൻ തുടങ്ങിയവരുടെ കൃതികളേയും തന്റെതന്നെ മുൻകൃതികളിൽ മിക്കവയേയും തള്ളിപ്പറയുന്നു. അധികാരശക്തികളുടെ നിലപാടുകളുമായി പൊരുത്തപ്പെടാത്ത ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ പേരിൽ മതരാഷ്ട്രനേതൃത്വങ്ങളുടെ അപ്രീതിക്കുപാത്രമായെങ്കിലും സാഹിത്യനായകനെന്ന നിലയിലും, അതിലുപരി ഒരു ധാർമ്മികശക്തിയെന്ന നിലയിലും, റഷ്യക്കകത്തും പുറത്തും ടോൾസ്റ്റോയി ശ്രദ്ധ പിടിച്ചുപറ്റി.

## വിമർശന സമീപനം

*വാട് ഈസ് ആർട്* എന്ന പ്രബന്ധത്തെ ഇരുപത് അധ്യായങ്ങളിലായി ടോൾസ്റ്റോയി വിഭജിച്ചിരിക്കുന്നു. കലയെപ്പറ്റി അന്ന് നിലനിന്നിരുന്ന എല്ലാ അഭിപ്രായങ്ങളെയും അദ്ദേഹം ഭദ്രമായി പരിശോധിക്കുന്നുണ്ട്. കലയും മൗലിക സ്വഭാവം വിശദമാക്കിയ ശേഷമാണ് ഉത്തമമായ കല എന്ത് എന്ന് അദ്ദേഹം വിശകലനം ചെയ്യുന്നത്. തുടർന്ന് ശ്രേഷ്ഠമല്ലാത്ത കലകളേതെന്ന് വ്യവഹരിക്കുന്നു. കലയെക്കാൾ വിലപ്പെട്ടത് ജീവിതമാണെന്നും ജീവിതത്തെ വിലപിടിച്ചതാക്കുവാൻ കല അനുപേക്ഷണീയമാണെന്നതുമാണ് അദ്ദേഹത്തിന്റെ വീക്ഷണം. കലയും ശാസ്ത്രവും തമ്മിലുള്ള ബന്ധം സാമാന്യമായി വിവരിച്ച ശേഷമാണ് അദ്ദേഹം തന്റെ ദീർഘപ്രബന്ധം അവസാനിപ്പിക്കുന്നത്.

ടോൾസ്റ്റോയിയുടെ ജീവിതവീക്ഷണം ക്രൈസ്തവ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കലാവീക്ഷണങ്ങൾക്കും ക്രൈസ്തവധാർമികതയോട് പക്ഷഭേദമുണ്ട്. സംഘടിത ക്രൈസ്തവതയിൽനിന്നു ഭിന്നമായി സാർവലൗകിക ക്രൈസ്തവദർശനമാണ് ടോൾസ്റ്റോയി പങ്കുവെക്കുന്നത്. എന്താണ് കല എന്ന പ്രബന്ധത്തിലെ അഞ്ചാം അധ്യായത്തിൽ കലയ്ക്ക് അദ്ദേഹം നൽകുന്ന നിർവചനം ഇതാണ്: സ്വയം അനുഭവിച്ച വികാരത്തെ ഹൃദയത്തിൽ ഉദ്ദീപിപ്പിച്ച് അതിനെ അതേപടി അനുഭവവേദ്യമാകത്തക്കവിധം, ചലനങ്ങൾ, രേഖകൾ, വർണങ്ങൾ, ശബ്ദങ്ങൾ, വാങ്മയങ്ങൾ, രൂപങ്ങൾ എന്നിവയിലൂടെ അനുവാചകർക്ക് പകർന്നുകൊടുക്കലാണ് കല. അത് ഒരു മാനുഷിക പ്രക്രിയയാണ്.

കലാസൃഷ്ടിക്ക് മൂന്നു ഘട്ടങ്ങളുണ്ട്.

1. കലാകാരൻ വികാരം അനുഭവിക്കുന്നു.
2. അനുഭവിച്ച വികാരം വീണ്ടും ഹൃദയത്തിൽ ഉദ്ദീപ്തമാകുന്നു.
3. ആ വികാരത്തിനെ അനുരൂപമായ ശൈലിയിൽ (വർണം, ഭാഷ, ശബ്ദം... എന്നിവ) അനുവാചകർക്ക് പകരുന്നു.

ഈ മൂന്ന് ഘട്ടങ്ങൾ ഉണ്ട് എന്നതുകൊണ്ടുമാത്രം ഒരു കലാസൃഷ്ടി ഉന്നതമാകണമെന്നില്ല. അത് ആസ്വാദകരിൽ അതേ വികാരം പകരണം. വികാരാഭിസംക്രമണം (ഇൻഫെക്ഷൻ) സാധിക്കാതെ ഒരു രചനയും മഹത്തരമാകുന്നില്ല. രൂപം, വികാരം (ഫോം, ഫീലിംഗ്) എന്നിവയാണ് കലയുടെ അടിസ്ഥാന ഘടകങ്ങൾ. രൂപം പൂർണമാകാതെ കലാസൃഷ്ടി പൂർണമാകുകയില്ല. കവിയുടെയും കലാകാരന്റെയും പ്രതിഭയാണ് രൂപപരവും ഭാവപരവുമായ ഈ പൂർണത നിർണയിക്കുന്നത്.

# മൊഡ്യൂൾ 3
# കാല്പനിക സാഹിത്യ സിദ്ധാന്തങ്ങൾ

1800കളിൽ ഒരു സാഹിത്യ മുന്നേറ്റമായി ആരംഭിക്കുകയും, പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിവരെ ഫ്രാൻസ്, ബ്രിട്ടൺ മുതലായ രാജ്യങ്ങളിലെ സമസ്ത കലാമേഖലകളിലും ശക്തമായി നിലനിൽക്കുകയും ചെയ്ത കലാ, സാഹിത്യ, ബൌദ്ധിക മുന്നേറ്റമാണ് കാൽപ്പനികത (റൊമാന്റിസിസം). ഭാഗികമായി നവോത്ഥാന കാലഘട്ടത്തിലെ രാഷ്ട്രീയ, സാമൂഹിക, പ്രഭുത്വ കെട്ടുപാടുകൾക്കും കലയെയും പ്രകൃതിയെയും ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ച് വസ്തുനിഷ്ഠമാക്കാനുള്ള ശ്രമങ്ങൾക്കും എതിരായ ഒരു കലാപമായിരുന്നു കാൽപ്പനികത. ശക്തമായ വികാരങ്ങളെ കലാസ്വാദനത്തിന്റെയും അനുഭവത്തിന്റെയും പ്രധാന ഉറവിടമായി കാൽപ്പനികത കണക്കാക്കി. ഭയം, ഞെട്ടൽ, പ്രകൃതിയുടെ ഉത്കൃഷ്ടതയെ അഭിമുഖീകരിക്കുമ്പോൾ ഉണ്ടാവുന്ന അത്ഭുതഭാവം തുടങ്ങിയ വികാരങ്ങൾക്ക് കാൽപ്പനികത ഊന്നൽ നൽകി.

ഫ്രഞ്ച് വിപ്ലവം, വ്യാവസായിക വിപ്ലവം എന്നിവയിലെ സംഭവ വികാസങ്ങളും തത്ത്വശാസ്ത്രങ്ങളുമാണ് കാൽപ്പനികതയെ സ്വാധീനിച്ചത്. സമൂഹത്തെ മാറ്റിമറിച്ച കലാകാരന്മാരുടെയും തെറ്റിദ്ധരിക്കപ്പെട്ട നായകന്മാരുടെയും അന്തർഭാവങ്ങളെ കാൽപ്പനികത ഉയർത്തിക്കാണിച്ചു. കലയെ യാഥാസ്ഥിതിക സങ്കൽപ്പങ്ങളിൽ നിന്നു സ്വതന്ത്രമാക്കി വ്യക്തിഭാവനയെ പ്രധാന ശക്തിയായി കാൽപ്പനികത അംഗീകരിച്ചു. ചരിത്രപരവും പ്രകൃത്യാലുള്ളതുമായ വിധിയുടെ അനിഷേധിത്വത്തിനു കാൽപ്പനികത വളരെ പ്രാധാന്യം കൊടുത്തു.

## യഥാതഥ്യപ്രസ്ഥാനം (റിയലിസം)

ദൃശ്യകലകളിലും സാഹിത്യത്തിലും യഥാതഥ്യം (റിയൽ) എന്ന പദം സൂചിപ്പിക്കുന്നത് വസ്തുക്കളെ അല്ലെങ്കിൽ കഥാപാത്രങ്ങളെ അവ ദൈനംദിനജീവിതത്തിൽ അവതരിക്കുന്നതുപോലെ, നിറപ്പകിട്ടോ വിശകലനമോ ഇല്ലാതെ ചിത്രീകരിക്കുന്നതിനെയാണ്. വൈകൃതമോ അറപ്പുളവാക്കുന്നതോ ആയ സത്യത്തെ വെളിപ്പെടുത്തുന്ന കലാസൃഷ്ടികളെയും റിയലിസത്തിൽ പെടുത്താം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഫ്രാൻസിൽ രൂപംകൊണ്ട സാഹിത്യമുന്നേറ്റത്തെയും റിയലിസം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നു. 1800 കളുടെ അവസാനത്തിൽ ഫ്രാൻസിൽ ഇത് വളരെ ജനപ്രിയമായ ഒരു കലാരൂപമായിരുന്നു. ഛായാഗ്രഹണത്തിന്റെ (ഫോട്ടോഗ്രാഫി) ആവിർഭാവത്തോടെയാണ് റിയലിസം നിലവിൽ വന്നത്. ഈ പുതിയ ദൃശ്യസങ്കേതം ജനങ്ങളിൽ വസ്തുതാപരമായി യഥാർത്ഥമായ കലാസൃഷ്ടികൾ സൃഷ്ടിക്കാനുള്ള ആഗ്രഹം ഉണ്ടാക്കി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഫ്രഞ്ച് സാഹിത്യത്തിലും കലയിലും നിറഞ്ഞുനിന്ന കാൽപ്പനികതയ്ക്ക് (റൊമാന്റിസിസം) ശക്തമായ ബദലായിരുന്നു റിയലിസം. വ്യക്തിപരമായ ചായ്‌വുകൾ കൊണ്ട് വളച്ചൊടിക്കപ്പെടാതെ, വസ്തുതാപരമായ യാഥാർത്ഥ്യം (ഒബ്ജെക്ടീവ് റിയാലിറ്റി) എന്ന തത്ത്വത്തിൽ വിശ്വസിച്ച റിയലിസം അതിവർണ്ണനകൾ കൊണ്ടുനിറഞ്ഞ വൈകാരികതയ്ക്ക് എതിരായിരുന്നു. സത്യം, കൃത്യത എന്നിവ പല റിയലിസ്റ്റുകളുടെയും ലക്ഷ്യങ്ങളായിത്തീർന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ഫ്രഞ്ച് സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ട രചനകളിലാണ് യഥാതഥ്യം എന്ന

സങ്കേതം പ്രത്യക്ഷമായത്. സാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തെ അതിശയോക്തിയില്ലാതെ ചിത്രീകരിച്ച് അവരുടെ ജീവിതദർശനം അനുവാചകരിലേക്ക് എത്തിച്ച ബൽസാക്കാണ് സാഹിത്യത്തിൽ ഈ സങ്കേതത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്. ഇദ്ദേഹം തുറന്ന വഴികളിലൂടെ സഞ്ചരിച്ച എഴുത്തുകാരാണ് എമിലി സോള, ഫ്ലോബേർ എന്നിവർ. ദൈനംദിന ജീവിതത്തിലെ ദൃശ്യങ്ങളും സംഭവങ്ങളും ഒട്ടും നാടകീയതയോ കൃത്രിമത്വമോ ഇല്ലാതെ അവതരിപ്പിക്കുക എന്നതാണ് റിയലിസ്റ്റ് ചിത്രകാരന്റെ ലക്ഷ്യം.

## മിസ്റ്റിസിസം

പ്രത്യേകമായ ആത്മീയഭാവത്തിന്റെ ആവിഷ്കാരമാണ് മിസ്റ്റിസിസം. സിംബോളിസം എന്ന സാഹിത്യസമീപനവുമായി ഇത് അടുത്ത ബന്ധം പുലർത്തുന്നു. ഈശ്വര ചൈതന്യത്തെ സാക്ഷാത്കരിക്കുന്ന മനുഷ്യാത്മാവിന്റെ വാക്കുകൾക്ക് അതീതമായ അനുഭൂതിയുടെ ആവിഷ്കാരമാണ് മിസ്റ്റിക് കവിത. യോഗാത്മകത എന്നാണ് ഈ മിസ്റ്റിസിസം എന്ന പദത്തിനർഥം. യോഗാത്മകത മതപരവും സാഹിതീയവും ആയി രണ്ടു വിധമുണ്ട്. സന്യാസികൾ, സൂഫികൾ എന്നിവർ മതപരമായ യോഗാത്മകദർശനത്തിന്റെ പ്രയോക്താക്കളാണ്. കവികളും കലാകാരും അനുഭവിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന ആത്മീയാനുഭൂതിയെയാണ് സാഹിത്യത്തിലും കലയിലും മിസ്റ്റിസിസം എന്നു വിളിക്കുന്നത്. മതപരമായ യോഗാത്മകതയും അതിന്റെ അനുഭവത്തിനു ശേഷം ആവിഷ്കരിക്കപ്പെടാറുണ്ട്. അപ്പോൾ അതും സാഹിത്യപരമായ മിസ്റ്റിസിസത്തിനു കീഴിൽ അപഗ്രഥിക്കപ്പെടുന്നു. ഭാരതീയ യോഗാത്മക ദർശനമായ അദ്വൈതം, സെമിറ്റിക് യോഗദർശനമായ സൂഫിസം എന്നിവ സാഹിത്യകൃതികളിൽ അന്വേഷിക്കുന്ന മിസ്റ്റിക് നിരൂപണവും സാഹിത്യപഠനരംഗത്ത് സാധ്യമാണ്. വൈക്കം മുഹമ്മദ് ബഷീർ, ജി ശങ്കരക്കുറുപ്പ്, കുമാരനാശാൻ തുടങ്ങിയവരുടെ രചനകളിലെ മിസ്റ്റിക് അനുഭവങ്ങളെക്കുറിച്ച് ധാരാളം പഠനങ്ങളുണ്ടായിട്ടുണ്ട്.

യോഗാത്മക ദർശനം ഭാരതീയ സങ്കൽപമാണെങ്കിലും പാശ്ചാത്യ മിസ്റ്റിസിസത്തിന്റെ പിതാവായി ഗണിക്കപ്പെടുന്നത് ഗ്രീക്ക് തത്വചിന്തകനായ പ്ലോട്ടിനസ്സിനെയാണ്. പ്ലേറ്റോയുടെ സിദ്ധാന്തങ്ങളെ ആസ്പദമാക്കി ഒരു ഭൗതികാതീത ജ്ഞാനസംഹിതയ്ക്ക് രൂപംനൽകിയ ദാർശനികനായിരുന്നു പ്ലോട്ടിനസ്. എ. ഡി മൂന്നാംശതകത്തിൽ റോമിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത്. യുക്തിജ്ഞാനവും അന്തർജ്ഞാനവും. ഇന്ദ്രിയങ്ങളാൽ അറിയുവാനും പരീക്ഷിക്കപ്പെടുവാനും കഴിയുന്ന ജ്ഞാനമാണ് ശാസ്ത്രീയമായ അറിവുകൾ (ഇന്ദ്രിയജ്ഞാനം). എന്നാൽ യുക്തിയെ മാറ്റിവെച്ചുകൊണ്ടുമാത്രം സമീപിക്കാവുന്ന അറിവുകളാണ് യോഗാത്മകജ്ഞാനം. ഏറക്കുറെ കലയും സാഹിത്യവും അത്തരത്തിൽ യുക്ത്യതീതമായ അനുഭൂതികളെയാണ് പങ്കുവെക്കുന്നത് എന്ന് മിസ്റ്റിക്കുകൾ വാദിക്കുന്നു. അതുകൊണ്ടുതന്നെ യഥാർഥ കലയും സാഹിത്യവും മിസ്റ്റിസിസത്തിന്റെ ഭാഗമാണ്. അഹം ബ്രഹ്മാസ്മി, തത്വമസി, അനൽ ഹഖ് തുടങ്ങിയ ആശയങ്ങൾ മിസ്റ്റിക്ബോധങ്ങളുടെ ഭാഗമായി സാഹിത്യത്തിൽ പ്രചാരം ലഭിച്ചവയാണ്. ഇന്ത്യൻ മിസ്റ്റിക് സാഹിത്യത്തിൽ ലോകപ്രസിദ്ധനായ എഴുത്തുകാരനാണ് രവീന്ദ്രനാഥ ടാഗൂർ.

## സർറിയലിസം

ഒന്നാംലോക മഹായുദ്ധക്കാലത്ത് ഉദയം ചെയ്ത 'ദാദായിസ'മാണ് സർറിസയലിസത്തിന് തുടക്കംകുറിച്ചത്. ശിശുസഹജമായ യുക്തിരാഹിത്യവും സ്വപ്നാത്മകത്വവും കലർന്ന ശിഥിലമായ മനോവ്യാപാരങ്ങളുടെ ആവിഷ്കാരമായാണ് ദാദായിസത്തെ കരുതുന്നത്. ഫ്രഞ്ചു സാഹിത്യകാരനായ ട്രിസ്റ്റൻ സാറയാണ് ഇതിന്റെ മുഖ്യ വക്താവ്. നിലവിലുള്ള എല്ലാ നിയമങ്ങൾക്കും എതിരായിരുന്ന ദാദായിസം സ്വയമേവ നിയമമായി മാറുന്നു എന്ന് വിമർശിച്ചവരാണ് സർറിയയലിസത്തിന് തുടക്കം കുറിച്ചത്. ദാദായിസത്തെപ്പോലെ നിഷേധാത്മക പ്രവണതയില്ലെങ്കിലും ക്രമമുള്ള ഒരു ഉൻമാദമായി സർറിയലിസത്തെയും വ്യാഖ്യാനിക്കുന്നവരുണ്ട്.

1920 കളുടെ മദ്ധ്യത്തിലാണ് സർറിയലിസം കലകളിൽ പ്രചാരം നേടുന്നത്. ആശ്ചര്യത്തിന്റെ കളി, അവിചാരിതമായ കൂട്ടിച്ചേർക്കലുകൾ, നോൺ സെക്വിറ്റർ, തുടങ്ങിയവയാണ് സർറിയലിസ്റ്റ് കൃതികളുടെ പ്രത്യേകത. സർറിയലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രയോക്താവായ ആന്ദ്രെ ബ്രെട്ടൺ സർറിയലിസം എല്ലാത്തിനും ഉപരി ഒരു വിപ്ലവപ്രസ്ഥാനമാണെന്ന് പ്രഖ്യാപിക്കുന്നു. അനേകം പ്രസിദ്ധ ചിത്രകാരന്മാർ സർറിയലിസ്റ്റ് വീക്ഷണഗതി അംഗീകരിക്കുകയും ഒരു പ്രസ്ഥാനമായി അതിനെ വളർത്തുകയും ചെയ്തു. എങ്കിലും ആ പ്രസ്ഥാനത്തിൽ അംഗങ്ങളല്ലാതിരുന്ന സ്പാനിഷ് ചിത്രകാരൻമാരായ ഡാലിയും പിക്കാസോയുമാണ് സർറിയലിസത്തിന്റെ മഹത്തായ പ്രയോക്താക്കളായി അറിയപ്പെടുന്നത്. പ്രത്യക്ഷയാഥാർഥ്യങ്ങളെ ചിത്രീകരിക്കുന്ന റിയലിസത്തിന്റെ പരിമിതികളെ അതിലംഘിക്കാൻ കലാകാർ നടത്തിയ അന്വേഷണത്തിൽ നിന്നാണ് യൂറോപ്പിലെ ചിത്രകലാരംഗത്ത് സർറിയലിസം രൂപം കൊണ്ടത്. ഇംപ്രഷനിസത്തിൽനിന്ന് ആരംഭിച്ച പരീക്ഷണങ്ങളുടെ പരിണതഫലമാണ് ചിത്രകലയിലെ സർറിയലിസം. ഇരുപതാം ശതകത്തിലെ നാടകവേദിയിൽ സർറിയലിസം വമ്പിച്ച പരിവർത്തനങ്ങൾ വരുത്തി. നാടകത്തിനു പുറമെ കവിത, കഥ, നോവൽ എന്നീ സാഹിത്യരൂപങ്ങളിലും സർറിയലിസ്റ്റ് സമീപനം പുതിയ പരീക്ഷണങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്. ഫ്രാൻസ് കാഫ്കയുടെ കഥകളിലും നോവലുകളിലും ലൂയി ബന്യൂവലിന്റെ ചലച്ചിത്രങ്ങളിലും സർറിയലിസ്റ്റ് മാതൃകയിലുള്ള അതീതകല്പനകൾ നിർണായകമായ പങ്കു വഹിക്കുന്നു. ചലച്ചിത്രങ്ങളെയും ഈ കലാ പ്രസ്ഥാനം സ്വാധീനിച്ചിട്ടുണ്ട്.

## സിദ്ധാന്തം

റിയലിസത്തിന് യാഥാർഥ്യങ്ങളുടെ ബാഹ്യപ്രതീതി പകർത്തിവയ്ക്കുവാൻ മാത്രമേ കഴിയുന്നുള്ളുവെന്നും അവയ്ക്കു പിന്നിലെ സമഗ്രവും സങ്കീർണവുമായ യാഥാർഥ്യം കലാസൃഷ്ടിയിലൂടെ ആസ്വാദകർക്ക് അനുഭവപ്പെടുത്തിയാൽ മാത്രമേ കല സാർഥകവും സൃഷ്ടിപരവും ആകുകയുള്ളുവെന്നും സർറിയലിസം കരുതുന്നു. യാഥാർഥ്യത്തിന്റെ പിന്നിലെ യാഥാർഥ്യം അഥവാ പ്രത്യക്ഷപ്രതിഭാസങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കാത്തതും അനുഭവിച്ചു മാത്രം അറിയാവുന്നതുമായ യാഥാർഥ്യം മൂർത്തമായി ആവിഷ്ക്കരിക്കാനാണ് അത് ശ്രമിക്കുന്നത്. പരിചിതമായ രൂപത്തിലുള്ള സ്വാഭാവികതയോടും ലാളിത്യത്തോടും കാര്യകാരണബന്ധത്തോടുംകൂടി ആ ഗൂഢയാഥാർഥ്യത്തെ ചിത്രീകരിക്കാൻ കഴിയുകയില്ല. യുക്തിവിചാരത്തിന്റെ നിയന്ത്രണമോ, ധാർമ്മികമോ സൗന്ദര്യാത്മകമോ ആയ പരിഗണനകളോ കൂടാതെ ശരിയായ ചിന്തയുടെ

സ്വതന്ത്ര വ്യാപാരത്തെ പ്രകാശിപ്പിക്കുന്ന മാനസികപ്രതിഭാസമാണ് സർറി യലിസം. മനസ്സിൽ അപ്പപ്പോൾ രൂപംകൊള്ളുന്ന വിചിത്രങ്ങളായ ചിന്തകളുടെ പ്രവാഹമായി സർറിയലിസത്തെ വിലയിരുത്തുന്നവരുമുണ്ട്. ഫ്രോയിഡിന്റെ മനോവിശകലന സിദ്ധാന്തമാണ് സർറിയലിസത്തിന് അടിസ്ഥാനമാകുന്നത്. വ്യക്തിയുടെ അബോധമനസ്സിൽ കിടന്നുഴലുന്നവയും സാമൂഹ്യജീവിതത്തിൽ സാക്ഷാത്കരിക്കാൻ കഴിയാത്തവയുമായ പ്രേരണകളും അഭിലാഷങ്ങളും സർറിയലിസത്തിലൂടെ കലയിൽ സാക്ഷാത്കരിക്കപ്പെടുകയാണ്.

## ഫ്യൂച്ചറിസം

ഇറ്റലിയിലെ സാഹസികരും സ്വതന്ത്ര്യചിന്താഗതിക്കാരുമായ യുവസാഹിത്യകാർ ഉയർത്തിപ്പിടിച്ച ഫ്യൂച്ചറിസത്തെ മലയാളത്തിന് പരിചയപ്പെടുത്തിയത് കേസരി എ ബാല കൃഷ്ണപിള്ളയാണ്. ഫ്യൂച്ചറിസത്തിന്റെ ദാർശനിക ഭൂമിക രൂപീകരിച്ച്ത് ബോച്ചി യോണി, ഫ്രാൻസിസ്കോ മാരിനറ്റി തുടങ്ങിയവരാണ്. മതം, പാരമ്പര്യം, ആത്മീയത തുടങ്ങിയ മൂല്യങ്ങളോട് പ്രതിബദ്ധതയുള്ള സാഹിത്യത്തെ നിരാകരിക്കുകയും മനു ഷ്യന്റെ ഭൗതികമായ അതിജീവനത്തെ ആഘോഷിക്കുകയും ചെയ്യുന്നവരാണ് ഫ്യൂച്ചറി സ്റ്റുകൾ. ധീരത, കൂസലില്ലായ്മ, പ്രക്ഷോഭം എന്നിവയാണ് ഈ പ്രസ്ഥാനത്തിന്റെ മുഖമു ദ്ര. പഴകിയ രൂപത്തെയും ഭാവത്തെയും അവർ സാഹിത്യത്തിൽ തിരസ്കരിച്ചു. അക്രമം, കൊലപാതകം, യുദ്ധം, വയലൻസ്, അതിലൈംഗികത എന്നിവയെ അതേപടി ആവിഷ്ക രിക്കാൻ അവർ ശ്രമിച്ചു. ആപൽകരമായ കുതിച്ചുചാട്ടം, ജ്വരോന്മാദം, മുഷ്ടികൊണ്ടുള്ള ഇടി എന്നിവയാണ് ആവശ്യമെന്ന് പ്രസിദ്ധമായ തങ്ങളുടെ മാനിഫെസ്റ്റോയിൽ ഫ്യൂച്ചറി സ്റ്റുകൾ തുറന്നു പ്രഖ്യാപിച്ചു. കാലവും സ്ഥലവും മരിച്ചുകഴിഞ്ഞു. സ്ഥലകാലങ്ങൾക്ക തീതമായ വേഗമാണ് ഇനി വേണ്ടത് എന്നായിരുന്നു അവരുടെ കാഴ്ചപ്പാട്. മ്യൂസിയ ങ്ങളും ലൈബ്രറികളും നശിപ്പിക്കണം, മൂല്യങ്ങളും ധാർമികതയും മതവും തകര ണമെന്ന് അവർ തുറന്നു പ്രഖ്യാപിച്ചു. വിപ്ലവത്താൽ ഉലയുന്ന ജനക്കൂട്ടത്തെയും യന്ത്ര ങ്ങൾ മുരളുന്ന ആധുനിക ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യത്തെയും തങ്ങളുടെ കവിതകളിൽ ഫ്യൂച്ചറിസ്റ്റുകൾ ആവിഷ്കരിച്ചു. ഭൂഗർഭഗവേഷകർ, പ്രൊഫസർമാർ എന്നിവരെ ഇറ്റലിയിൽ നിന്ന് മോചിപ്പിക്കണമെന്നാണ് ഫ്യൂച്ചറിസ്റ്റുകൾ ആവശ്യപ്പെട്ടത്.

ഫ്യൂച്ചറിസ്റ്റുകൾ മനുഷ്യനിലെ കേവലമായ ജന്തുവാസനകളെ ആവിഷ്കരിക്കുന്ന താണ് യഥാർഥ കലയും സാഹിത്യവും എന്ന അഭിപ്രായക്കാരായിരുന്നു. അരാജകവാദി കൾ എന്നും അവർ അറിയപ്പെടുന്നു. ഹിപ്പിയിസം, പോപ്പ് കൾച്ചർ എന്നിവ ഈ വാദ ത്തിന്റെ പ്രതികരണങ്ങളായിരുന്നു. വിപ്ലവാത്മക സാഹിത്യം തികച്ചും നവീകരിക്കണ മെന്നും പഴയമയുമായി തെല്ലും ബന്ധമില്ലാത്ത പുതിയ സംസ്കാരത്തെ എഴുത്തുകാർ സ്വീകരിക്കണമെന്നും പാരമ്പര്യ സാഹിത്യത്തെയും കലയെയും തീർത്തും അവഗണിക്ക ണമെന്നും തുറന്നു പ്രഖ്യാപിച്ച മയക്കോവിസ്കിയാണ് റഷ്യൻ ഫ്യൂച്ചറിസ്റ്റ് കവികളിൽ ശ്രദ്ധേയൻ.

## എക്സപ്രഷനിസം

യാഥാർഥ്യത്തിന്റെ ബാഹ്യഭാവങ്ങളെക്കാൾ അതിന്റെ ആന്തരികമായ സത്തയെ അനുഭവപ്പെടും വിധം ആവിഷ്കരിക്കുക എന്നതാണ് എസ്ക്പ്രഷനിസത്തിന്റെ അടി സ്ഥാന തത്വം. മനോവിജ്ഞാനീയ സിദ്ധാന്തങ്ങളുടെ പിൻബലത്തോടെയാണ് എസ്ക്പ്ര

ഷനിസ്റ്റ് ആശയങ്ങൾ രൂപീകരിക്കപ്പെട്ടത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടകത്തിലാണ് ഈ പേരിലുള്ള കലാ,സാഹിത്യസമീപനങ്ങൾക്ക് പ്രചാരണം ലഭിച്ചത്. ഹെർവെ എന്ന ഫ്രഞ്ചുചിത്രകാരനാണ് ഈ പേരിനു പിന്നിൽ. ബെനിഡിക്റ്റോ ക്രോച്ചേയുടെ അന്തർജ്ഞാനം എന്ന സങ്കൽപത്തിൽനിന്നാണ് ഈ പ്രസ്ഥാനം രൂപപ്പെട്ടത്. വ്യക്തിയുടെ ആത്മാവിൽ വസ്തുതകൾ അന്തർജ്ഞാനംവഴി വ്യക്തതപ്രാപിക്കുന്നതിനെയാണ് ക്രോച്ചേ ആ പദംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രക്രിതന്നെയാണ് കല എന്ന് എസ്ക്പ്രഷനിസ്റ്റുകൾ വാദിക്കുന്നു. കൂടുതലായും ചിത്രകലയാണ് എസ്ക്പ്രഷനിസത്തിന്റെ പ്രവർത്തനമണ്ഡലം. ഉപബോധമനസ്സിനെക്കുറിച്ച് ഫ്രോഡിഡ് നൽകുന്ന ഉൾക്കാഴ്ചകളും ഈ സിദ്ധാന്തത്തിന് അടിസ്ഥാനമായിട്ടുണ്ട്. ദസ്തയവ്സ്കിയെപ്പോലുള്ളവരുടെ രചനകളിൽ എസ്ക്പ്രഷനിസ്റ്റ് ആവിഷ്കാരത്തിന്റെ ആദ്യമാതൃകകൾ വിമർശകർ കണ്ടെത്തുന്നുണ്ട്.

ആദർശാത്മകമായ പാരമ്പര്യ കലാതത്വചിന്തകളുടെയും റിയലിസ്റ്റ് കലാപ്രസ്ഥാനങ്ങളുടെയും തിരിച്ചടിയാണ് എസ്ക്പ്രഷനിസം. എസ്ക്പ്രഷനിസത്തിൽ ബാഹ്യവസ്തുവിന്റെ സാനിധ്യത്തിന് യാതൊരു പ്രാധാന്യവും കൽപ്പിക്കുകയില്ല. വീക്ഷിക്കുന്ന ആളിന്റെ മാനസിക പ്രതികരണത്തെയാണ് എസ്ക്പ്രഷനിസ്റ്റുകൾ ചിത്രീകരിക്കുന്നത്. അതിനാൽതന്നെ ഈ സമീപനം തികച്ചും വ്യക്തിപരമാണ്. ആത്മീയവും വൈകാരികവുമാണ് അതിന്റെ മൂല്യം. എക്സ്പ്രഷണിസ്റ്റ് ചിത്രങ്ങളുടെ ഘടനാപരമായ അനൈക്യവും ചിതറിയ ക്രമവും വ്യവസ്ഥാപിത രൂപഘടനകളെ നിരാകരിക്കുന്നു. അത്യുക്തിയും ന്യൂനോക്തിയും എസ്ക്പ്രഷനിസ്റ്റ് സാഹിത്യത്തിൽ അനിവാര്യമാണ്. കാരണം അപ്പോഴേ ബാഹ്യതലത്തെ വീക്ഷിക്കുന്ന വ്യക്തിയും മാനസിക പ്രതികരണത്തെ വ്യക്തമായി രേഖപ്പെടുത്താൻ കഴിയൂ. നിറം, ഭാവം, രൂപം എന്നിവയെക്കുറിച്ചുള്ള സാമാന്യനിയമങ്ങൾക്ക് പുറത്താണ് എസ്ക്പ്രഷനിസ്റ്റ് സങ്കേതങ്ങൾ. വാൻഗോഗിന്റെ ചിത്രങ്ങളിൽ പലതും എസ്ക്പ്രഷനിസ്റ്റ് പ്രസ്ഥാനത്തിനു മുമ്പുതന്നെ ഇത്തരം സങ്കേതങ്ങൾ ഉപയോഗിച്ചിരുന്നു. എഡിത്ത് ഹോഫ്മാൻ, എഡ്വേർഡ് മുൻജ്, കാൻ ഡിസ്കി തുടങ്ങിയവരാണ് പ്രമുഖ എസ്ക്പ്രഷനിസ്റ്റ് കലാകാരന്മാർ. ദെസ്തയവസ്കിയെ കൂടാതെ ഫ്രാൻസ് കാഫ്ക, ഏണസ്റ്റ് ടോളർ തുടങ്ങിയവരാണ് സാഹിത്യത്തിൽ എസ്ക്പ്രഷനിസത്തിന്റെ മുൻഗാമികൾ. ചിത്രകല കഴിഞ്ഞാൽ നാടകത്തിലും സിനിമയിലുമാണ് എസ്ക്പ്രഷനിസ്റ്റ് സിദ്ധാന്തത്തിന് കൂടുതൽ പ്രചാരം ലഭിച്ചത്. ഇറ്റാലിയനായ ലൂയി പിരാൻഡലോ, ഇംഗ്ലീഷുകാരനായ യൂജിൻ ഒനീൽ തുടങ്ങിയവർ എസ്ക്പ്രഷനിസ്റ്റ് നാടകരചയിതാക്കളാണ്.

## എക്സിസ്റ്റൻഷ്യലിസം

അസ്തിത്വവാദം എന്നാണ് എക്സിസ്റ്റൻഷ്യലിസം മലയാളത്തിൽ അറിയപ്പെടുന്നത്. യഥാർഥത്തിൽ ഇത് ഒരു കലാസാഹിത്യ സിദ്ധാന്തമല്ല. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ചൂഴ്ന്നുനിൽക്കുന്ന പുതിയൊരു കാഴ്ചപ്പാടായിരുന്നു അത്. സ്വാഭാവികമായും ജീവിതത്തിന്റെ ഭാഗമായ കലയെയും സാഹിത്യത്തെയും അത് സ്വാധീനിച്ചു എന്നുമാത്രം. ഡാനിഷ് ചിന്തകനായ കിർക്ക് ഗാർഡി(1813. 1855)യുടെ ചിന്താഗതിയിൽ നിന്നാണ് അസ്തിത്വവാദം ഉടലെടുത്തത്. ജർമൻ ദാർശനികനായ ഹൈഡഗറാണ് ഈ സിദ്ധാന്തത്തിന് ആധുനികമായ രൂപം നൽകിയത്. ഴാങ് പോൾ സാർത്ര്, ഫ്രാൻസ് കാഫ്ക തുടങ്ങിയവരുടെ രചനകളാണ് അസ്തിത്വവാദ ദർശനത്തിന്റെ ആദ്യ മാതൃകകളായി കാണുന്ന സാഹിത്യ കൃതികൾ.

അസ്തിത്വവാദത്തിന് രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന് മതപരമായ അസ്തിത്വവാദം. രണ്ടാമത്തേത് നാസ്തികമായ അസ്തിത്വവാദം. മതപരമായ അസ്തിത്വവാദം ക്രിസ്തുമത വിമോചന സങ്കൽപങ്ങളോടാണ് ബന്ധപ്പെടുന്നത്. മനുഷ്യനനുഭവിക്കുന്ന വേദനകൾക്ക് ആത്യന്തികമായ രക്ഷ ദൈവപ്രീതിയിലാണെന്ന് മതപരമായ അസ്തിത്വവാദികൾ വിശ്വസിക്കുന്നു. നാസ്തികമായ അസ്തിത്വവാദം ഇതിനെ നിരാകരിക്കുന്നു. മനുഷ്യനുമുകളിൽ ദൈവമില്ല എന്നാണ് അവർ വാദിക്കുന്നത്. സാർവജനീനവും സാർവലൗകികവുമായ ഒരു മനുഷ്യപ്രകൃതി ഇല്ല എന്നാണ് അവരുടെ മറ്റൊരു വാദം. ഒരു കത്രിക നിർമിക്കുന്നതുപോലെ കൃത്യമായ ലക്ഷ്യങ്ങളോടെ പടയ്ക്കപ്പെട്ടതല്ല മനുഷ്യൻ. അവൻ എന്തെന്നു തീരുമാനിക്കാനുള്ള സാധ്യത അവനു മാത്രമാണ്. താൻ എന്തായിത്തീർന്നു എന്നതിനുള്ള ഉത്തരവാദി അവനല്ല താനും. അസ്തിത്വവാദം അരാജകവാദത്തിന്റെ മറ്റൊരു പതിപ്പാണെന്നു വാദിക്കുന്നവരുമുണ്ട്. വിഷാദച്ഛവിയും നിരാശയും മനുഷ്യന് സമ്മാനിക്കാനേ അസ്തിത്വവാദികൾക്കു കഴിഞ്ഞുള്ളൂ എന്നായിരുന്നു മറ്റൊരു വിമർശനം. എങ്കിലും എഴുത്തുകാരന്റെ അവസാനമില്ലാത്ത സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കാൻ അസ്തിത്വവാദികൾക്ക് കഴിഞ്ഞു.

# മൊഡ്യൂൾ 4

# ആധുനികാനന്തര വിമർശന സിദ്ധാന്തങ്ങൾ

## ആധുനികത

1914 നു മുൻപുള്ള മൂന്നു പതിറ്റാണ്ടുകളിൽ കല, വാസ്തുവിദ്യ, സംഗീതം, സാഹിത്യം എന്നിവയിലും പ്രായോഗിക കലകളിലും (അപ്ലൈഡ് ആർട്ട്സ്) ഉണ്ടായ നവോത്ഥാന മുന്നേറ്റങ്ങളുടെ ശ്രേണിയെ ആണ് മോഡേണിസം (ആധുനികത) എന്ന പദം കൊണ്ട് വ്യവക്ഷിക്കുന്നത്. ശാസ്ത്രീയ അറിവുകളുടെയും സാങ്കേതികവിദ്യയുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ മനുഷ്യനു തന്റെ ചുറ്റുപാടുകളെ നിർമ്മിക്കാനും മെച്ചപ്പെടുത്താനും മാറ്റിയെഴുതുവാനും ഉള്ള ശക്തിയെ ഊന്നിപ്പറയുന്ന ചിന്താധാരയാണ് മോഡേണിസം. മോഡേണിസത്തിന്റെ കാതൽ മുന്നേറ്റാത്മകവും ശുഭാപ്തിവിശ്വാസം നിറഞ്ഞതും ആണെന്ന് കാണാം. പാശ്ചാത്യ സമൂഹത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റണ്ടിന്റെ ആരംഭത്തിലും വന്ന പല രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മുന്നേറ്റങ്ങളെയും മോഡേണിസം ഉൾക്കൊള്ളുന്നു. യന്ത്രവൽകൃതവും വ്യവസായവൽകൃതവുമായ കാലഘട്ടത്തിന്റെ പുതിയ യാഥാർത്ഥ്യങ്ങൾ ശാശ്വതമാണെന്ന് മോഡേണിസ്റ്റുകൾ വാദിച്ചു. മാറ്റത്തെ കൈനീട്ടി സ്വീകരിച്ച മോഡേണിസം പത്തൊൻപതാം നൂറ്റാണ്ടിലെ ചരിത്രപരവും പുസ്തകങ്ങളിലൂന്നിയതും ആയ പാരമ്പര്യങ്ങളെ എതിർത്ത ചിന്തകരുടെ രചനകളെ പ്രോത്സാഹിപ്പിച്ചു. പാരമ്പര്യ കലാരൂപങ്ങൾ, വാസ്തുവിദ്യ, സാഹിത്യം, മതവിശ്വാസം, സാമൂഹിക ഘടന, ദൈനംദിന ജീവിതം എന്നിവ പഴയതായി എന്ന് ഇവർ വിശ്വസിച്ചു. മതത്തിനു പകരം ശാസ്ത്രീയചിന്ത, ദൈവത്തിനു പകരം മനുഷ്യൻ, പാരമ്പര്യത്തിനു പകരം യുക്തി എന്നീ പുതിയ വിശ്വാസക്രമം ആധുനികർ അവതരിപ്പിച്ചു. യുക്തിയും ശാസ്ത്രവും മനുഷ്യനും എല്ലാറ്റിനും മുകളിലാണെന്നും ലോകത്തെ അതിജയിക്കാൻ അതിന് സാധ്യമാണെന്നും പ്രചരിപ്പിച്ചു. വ്യവസായവൽകരണത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞ ലോകത്തിന്റെ പുതിയ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ വ്യവസ്ഥകളെ നേരിട്ട് ആധുനികർ അഭിമുഖീകരിച്ചു. ഇരുപതാം നൂറ്റാണ്ടിലെ കലയെ മോഡേണിസം (ആധുനികത), പോസ്റ്റ് മോഡേണിസം (ഉത്തരാധുനികത) എന്നിങ്ങനെ രണ്ടായി തിരിക്കുന്നു. ആധുനികതയിൽനിന്ന് ഉത്തരാധുനികതയിലേക്ക് സ്വാഭാവികമായി ലോകം വളരുകയായിരുന്നു.

## ഉത്തരാധുനികത

മോഡേണിസത്തിൽ നിന്നും ഉരുത്തിരിഞ്ഞതോ മോഡേണിസത്തിനുള്ള പ്രതികരണമായോ അല്ലെങ്കിൽ മോഡേണിസത്തിന്റെ പിന്തുടർച്ച ആയോ കരുതപ്പെടുന്ന ലോകാവാസ്ഥയാണ് ഉത്തരാധുനികത (പോസ്റ്റ് മോഡേണിസം). തത്ത്വചിന്ത, വാസ്തുവിദ്യ, കല, സാഹിത്യം, സംസ്കാരം, വിമർശന സിദ്ധാന്തം എന്നിവയിലെ വ്യാപകമായ വികാസങ്ങളെ ആണ് പോസ്റ്റ്മോഡേണിസം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. ആധുനികത ഉൽപാദിപ്പിച്ച അരക്ഷിതാവസ്ഥകൾക്ക് മറുപടി എന്ന നിലയിൽ ആയിരുന്നു പോസ്റ്റ്മോഡേണിസം ആരംഭിച്ചത്. രണ്ടാം ലോകമഹായുദ്ധം നൽകിയ നിരാശ പോസ്റ്റ്മോഡേണിസത്തെ സ്വാധീനിച്ചു. അധികാരമാണ് (പവർ) മനുഷ്യന്റെ മുന്നോട്ടുപോക്കിന് തടസ്സമെന്നും അധികാരമുക്തമായ ലോകക്രമത്തിൽ കൂടുതൽ സാധ്യതകളുണ്ടെന്നും പോസ്റ്റുമോഡേണിസ്റ്റുകൾ കരുതി. കേന്ദ്രീകൃത ചട്ടക്കൂടോ

ഒത്തൊരുമിപ്പിച്ചു നിറുത്തുന്ന തത്ത്വങ്ങളോ ഇല്ലാത്ത, കൃത്യമായ അധികാരമോ ഇല്ലാത്ത സാംസ്കാരിക, ബൗദ്ധിക, കലാ അവസ്ഥകളെ സാധാരണയായി പോസ്റ്റ് മോഡേണിസ്റ്റ് (ഉത്തരാധുനികം) എന്ന് വിശേഷിപ്പിക്കുന്നു.

## ഉത്തരാധുനിക വിമർശന സമീപനങ്ങൾ

കലാനിയമങ്ങളുടെ അടിസ്ഥാനത്തില് സാഹിത്യകൃതിയെ മൂല്യനിര്ണയം ചെയ്യുന്ന നൈയാമിക നിരൂപണ(judicial criticism)മാണ് പണ്ടുകാലത്തുണ്ടായിരുന്നത്. വ്യാഖ്യാനം, വിധിനിർണയനം എന്നീ ഘടകങ്ങളാണ് ഇതില് പ്രധാനം. സംസ്കൃത സാഹിത്യ പാരമ്പര്യം, നൈയാമിക നിരൂപണത്തിലധിഷ്ഠിതമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടുവരെ നിരൂപണം സാമ്പ്രദായിക മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മുന്നോട്ടു നീങ്ങിയത്. എന്നാല് ആധുനികതയുടെ വരവോടെ നിരൂപണത്തിലെ വിമര്ശനസ്വഭാവത്തിന് പ്രസക്തി കൈവന്നു. നിരൂപണം പൊതുവേ അതിന്റെ വിധിനിർണയ സ്വഭാവം വിട്ട് വിമര്ശനത്തിന്റെ വഴിയിലേക്ക് വരാൻ തുടങ്ങി. രൂപപരം, പ്രസ്ഥാനപരം, ചരിത്രപരം, നവചരിത്രാത്മകം, അന്തർ വിജ്ഞാനപരം തുടങ്ങിയ വിവിധ വിമർശനതലങ്ങൾ രൂപപ്പെട്ടു. ആസ്വാദകൻ അല്ലെങ്കിൽ സഹൃദയൻ എന്ന തലത്തിൽ നിന്ന് മൂല്യവിചാരകൻ എന്ന സ്ഥാനത്തേക്ക് നിരൂപകന് സ്ഥാനംകിട്ടി.

സാഹിത്യത്തെയും കലയെയും വിശകലനം ചെയ്യുന്നതിന് ആധുനികതയ്ക്കു ശേഷം പലതരം നിരൂപണസമീപനങ്ങളുണ്ടായി. ചരിത്രപരമായ വിമർശന സമീപനം അതിലൊന്നാണ്. ഒരു പ്രത്യേക കാലഘട്ടത്തിന്റെ മൂല്യങ്ങളെയും അനുഭവങ്ങളെയും സാംസ്കാരികഘടകങ്ങളെയും അപഗ്രഥിക്കുകയാണ് ഇതിൽ ചെയ്യുന്നത്. പൊതുവേ, അക്കാദമിക് ചരിത്ര രചനകളിൽ മനുഷ്യ ജീവിതത്തിന്റെ വൈകാരികാനുഭവങ്ങൾ രേഖപ്പെടുത്താറില്ല. എന്നാൽ ഒരു പ്രത്യേക കാലഘട്ടത്തിലെ സാഹിത്യകൃതികളെ അപഗ്രഥിക്കുമ്പോൾ, അക്കാലത്തെ ജീവിതാനുഭവങ്ങളുടെ വൈകാരികചിത്രം ലഭിക്കുന്നു. മാത്രമല്ല, മനുഷ്യന്റെ വികാര,വിചാരങ്ങളുടെ ഗതിവിഗതികളെക്കുറിച്ചറിയാനും വികാസത്തിന്റെ അളവ് ഫലപ്രദമായി രേഖപ്പെടുത്താനും ഇത്തരം നിരൂപണം സഹായകമാണ്. നിരൂപണസാഹിത്യത്തിലെ ജീവചരിത്രപരമായ വിമർശനസമീപനവും പ്രധാനമാണ്. സാഹിത്യം, രചയിതാവിന്റെ ആത്മപ്രകാശനമായതുകൊണ്ട് ജീവചരിത്രമാണ് അതിന്റെ ഊർജമെന്ന് സെയിന്റ്സ്ബെറി സിദ്ധാന്തിക്കുന്നു. ഒരു കൃതിയിൽ നിന്ന് എഴുത്തുകാരന്റെ ജീവിതം കണ്ടെടുക്കുന്നതാണ്, അതിന്റെ സൗന്ദര്യം കണ്ടെടുക്കുന്നതിനെക്കാൾ നീതിയുക്തമെന്ന് വിൻചെസ്റ്ററും പറയുന്നു.

## നവവിമർശം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളില് രൂപംകൊണ്ട പ്രബലമായൊരു നിരൂപണപ്രസ്ഥാനമാണ് നവവിമര്ശനം (ന്യൂക്രിട്ടിസിസം). മാത്യൂ ആർനൾഡ് മുതൽ ഈ ധാരയുടെ വേരുകള് നമുക്കു കാണാന് കഴിയുമെങ്കിലും ടി.എസ്. എലിയറ്റ്, ഐ. എ. റിച്ചാർഡ്സ്, വില്യം എംപ്സൺ എന്നിവരിലൂടെയാണ് ഇത് ഒരു പ്രസ്ഥാനമായി രൂപംകൊണ്ടത്. കവിയും നാടകകൃത്തും നിരൂപകനുമായിരുന്ന എലിയറ്റ് 1919ൽ പ്രസിദ്ധീകരിച്ച ട്രെഡിഷന് ആൻഡ് ഇൻഡിവിഡ്വൽ ടാലന്റ് എന്ന ഉപന്യാസം ആധുനിക വിമർശനസാഹിത്യത്തെ ഏറ്റവും സ്വാധീനിച്ച ശക്തിയാണെന്നു പറയാം. ഈ ഉപന്യാസത്തിലൂടെ എലിയറ്റ് റൊമാന്റിക് വിമർശനസങ്കൽപങ്ങളെ തിരസ്കരിക്കുകയും,

ശാസ്ത്രീയത, വസ്തുനിഷ്ഠത തുടങ്ങിയ ഗുണങ്ങളെ നിരൂപണത്തിലേക്കാവാഹിക്കുകയും ചെയ്തു. മഹത്തായ സാഹിത്യമായി പാരമ്പര്യം ഉയർത്തിക്കാണിച്ച കൃതികളെ നവവിമർശകർ പുനർവായിക്കുകയും സാഹിത്യം എന്നതിനെ കാലികമായി പുനർനിർവചിക്കുകയും ചെയ്തു. സാഹിത്യമായി അന്നോളം അംഗീകരിക്കപ്പെടാതിരുന്ന തൊഴിലാളിവർഗരചനകൾ, സ്ത്രീസാഹിത്യം, ജനപ്രിയസാഹിത്യം എന്നിവ നിരൂപകദൃഷ്ടിയിലെത്തിച്ചതും നവവിമർശനമാണ്. സാഹിത്യപാഠങ്ങളുടെ സൂക്ഷ്മവായന എന്ന പ്രക്രിയ റിച്ചാഡ്സ് ആവിഷ്കരിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന വില്യം എംപ്സൺ *സെവൻ ടൈപ്സ് ഓഫ് അംബിഗിറ്റി* എന്ന വിഖ്യാത ഗ്രന്ഥത്തിലൂടെ ദ്വയാർഥതയാണ് കാവ്യഭാഷയുടെ മർമം എന്നു സമർഥിക്കുകയും നിരവധി സാഹിത്യപാഠങ്ങളെ അവയുടെ പശ്ചാത്തലത്തിൽ നിന്നു മാറ്റിനിർത്തിക്കൊണ്ട് സൂക്ഷ്മവായന നിർവഹിക്കുകയും ചെയ്തു.

## ശൈലീവിജ്ഞാനീയം

ആധുനികാനന്തരമുണ്ടായ നിരൂപണസാഹിത്യത്തെ സമ്പുഷ്ടമാക്കിയ മറ്റൊരു ശാഖയാണ് ശൈലീനിഷ്ഠ നിരൂപണം. ആധുനിക ശൈലീവിജ്ഞാനത്തിന്റെ (സ്റ്റൈലി സ്റ്റിക്സ്) മണ്ഡലം വളരെ വിപുലമാണ്. ഭാഷാശാസ്ത്രത്തിൽ ശൈലീനിഷ്ഠവാദ ത്തിന്റെ പ്രയോക്താവായ ചാൾസ് എം ബെല്ലി ഭാഷയുടെ പൊതുവായ അർഥബോധന തന്ത്രമാണ് ആ വാക്കുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഭാഷാശാസ്ത്രത്തിന്റെയും സാഹിത്യനിരൂപണത്തിന്റെയും അന്തർഭാവങ്ങളാണ് ശൈലീനിഷ്ഠ നിരൂപണത്തിന് നിദാനം.

ഭാഷാസാസ്ത്രത്തിന്റെ വസ്തുനിഷ്ഠവും ബഹുമുഖവുമായ രീതിക്കും സാഹിത്യ ത്തിന്റെ ആന്തരിക വിശകലന രീതിക്കും ഇടയിലാണ് ശൈലീവിജ്ഞാനം നിലക്കൊള്ളു ന്നത്. സാഹിത്യകലയുടെ സുപ്രധാനമായ രൂപീകരണതത്വങ്ങൾ പ്രാമുഖ്യം, ഐക്യം, താളം എന്നിവയാണ്. കവികളുടെ തെരഞ്ഞെടുപ്പാണ് പ്രാമുഖ്യം. (പ്രോമിനൻസ്). പ്രമേ യം, പ്രതിപാദ്യവിഷയം, ഭാഷാവ്യാപാരങ്ങൾ, പദങ്ങളുടെ പരസ്പരബന്ധം, അസാധാ രണ പ്രയോഗങ്ങൾ, അലങ്കാരം എന്നിവയാണ് പ്രാമുഖ്യത്തെ നിശ്ചയിക്കുന്നത്. ശൈലീ വിജ്ഞാനത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രാമുഖ്യംതന്നെയാ ണ്. രണ്ടാമതും മൂന്നാമതും വരുന്ന ഐക്യവും താളവും പോലും ഈ പ്രാമുഖ്യത്തിന് നിരക്കുന്നതാണ്. ഒരു രചനയുടെ പ്രാമുഖ്യം ഏതേതു മേഖലയിലാണ് എന്ന് ഇഴകീറി പരിശോധിക്കലാണ് ശൈലീനിഷ്ഠ നിരൂപണത്തിന്റെ മുഖ്യ സ്വഭാവം.

നോം ചോംസ്കിയുടെ ദർശനങ്ങളാണ് ശൈലീനിഷ്ഠ നിരൂപണത്തെ അഴിച്ചുപണിഞ്ഞത്. വാക്യഘടനാപഗ്രഥനത്തിലൂടെ ഭാഷാശാസ്ത്രത്തെയും നിരൂപണ സമ്പ്രദായങ്ങളെയും തിരുത്തിയെഴുതാമെന്ന് അദ്ദേഹം വിലയിരുത്തി. ചിന്താശൈലികൾ, വ്യത്യസ്തമായ ആവിഷ്കരണ സാധ്യതകൾ, സാമൂഹിക സവിശേഷതകൾ, വ്യക്തിഗുണങ്ങൾ തുടങ്ങിയവ സാഹിത്യത്തിന്റെ ഘടനയിൽ സൂക്ഷ്മമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഭാഷാഘടനയുടെ അടിസ്ഥാനത്തിൽ രചനയിലെ സൗന്ദര്യ, ആശയ മൂല്യങ്ങളെ ഇഴ പിരിച്ചെടുക്കാനാവുമെന്ന് ചോംസ്കി തെളിയിച്ചു.

## മാർക്സിയൻ വിമർശം

കാൾ മാർക്സിന്റെ ചിന്താപദ്ധതിയും അതിന്റെ പ്രയോഗത്തിലൂടെ ഉയർന്നുവന്ന ചില ചോദ്യങ്ങളും സാഹിത്യസിദ്ധാന്തത്തെയും നിരൂപണചിന്തയെയും ഗണ്യമായി സ്വാധീനിച്ചു. സാമൂഹിക സാമ്പത്തിക പരിസ്ഥിതികൾ ആശയങ്ങളെയും ചിന്താപദ്ധതികളെയും മനോഭാവങ്ങളെയും എങ്ങനെ സ്വാധീനിക്കുന്നു എന്ന് മാർക്സ് വിശദമാക്കിയിട്ടുണ്ട്. അധീശവർഗങ്ങളുടെ താൽപര്യങ്ങൾ സമൂഹത്തിൽ രൂഢമൂലമായ ആശയങ്ങളെയും സാമൂഹികവ്യവസ്ഥകളെയും സൃഷ്ടിക്കുന്നതെങ്ങനെ എന്ന് മാർക്സിയൻ ചിന്തകർ പരിശോധിച്ചു. ഈ സമീപനത്തിന്റെ അനുരണനങ്ങൾ സാഹിത്യത്തിലും ഉണ്ടായി. കലയും സാഹിത്യവും ഓരോ സമൂഹത്തിലും ഓരോ കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന ശക്തിബന്ധങ്ങളുടെ പ്രതിഫലനമാണ് എന്ന് മാർക്സിയൻ നിരൂപകർ വാദിച്ചു. സാർവലൗകികവും കാലാതിവർത്തിയുമായ ഒരു സൌന്ദര്യസങ്കൽപത്തെ മാർക്സ് ആദ്യം നിരസിച്ചിരുന്നു. എന്നാൽ പിന്നീട് ഗ്രീക്ക് ദുരന്ത നാടകങ്ങൾ ആധുനിക കാലഘട്ടത്തിലും ലാവണ്യാനുഭൂതി നൽകുന്നതെന്തുകൊണ്ട് എന്നു വിശകലനം ചെയ്തപ്പോളാണ്, കലയ്ക്കും സാഹിത്യത്തിനും അവയുടേതായ ചില നിയമങ്ങൾ ഉണ്ട് എന്ന് മാർക്സിയൻ നിരൂപകർ സമ്മതിച്ചത്. എങ്കിലും, സാഹിത്യത്തിലടങ്ങിയിരിക്കുന്ന പ്രത്യയശാസ്ത്രപരമായ അംശത്തിനാണ് മാർക്സിയൻ നിരൂപകര് പ്രാധാന്യം നല്കുന്നത്. സാഹിത്യസൃഷ്ടിയുടെ ഘടനാപരമായ സവിശേഷതകളെക്കാള്, സമൂഹവുമായുള്ള ബന്ധത്തിനും കാലികമായ സമൂഹത്തിന്റെയും ജീവിതത്തിന്റെയും പ്രശ്നങ്ങളോടുള്ള സാഹിത്യത്തിലൂടെയുള്ള പ്രതികരണത്തിനും പ്രാധാന്യം നല്കുന്ന വിമര്ശനപദ്ധതിയാണ് മാര്ക്സിയന് ചിന്തയിലൂടെ രൂപപ്പെട്ടത്. മാർക്സിയൻ സാഹിത്യസിദ്ധാന്തത്തിന്റെയും വിമർശനത്തിന്റെയും ഏറ്റവും പ്രകടമായ രൂപം 1930 കളില് റഷ്യയിൽ രൂപംകൊണ്ട, റഷ്യൻ എഴുത്തുകാരുടെ സംഘടനയിലൂടെയാണ് (യൂണിയന് ഒഫ് സോവിയറ്റ് റൈറ്റേര്സ്) ആവിഷ്കരിക്കപ്പെട്ടത്. മാര്ക്സും ലെനിനും മുന്നോട്ടുവച്ച ആശയങ്ങളിലധിഷ്ഠിതമായ ഒരു സാഹിത്യം രൂപപ്പെടുത്താൻ ഇവർ ശ്രമിച്ചു. ഒരു കലാസൃഷ്ടിയുടെ മേന്മ, അതിലടങ്ങിയിരിക്കുന്ന സാമൂഹികാവബോധവും അതു സൃഷ്ടിക്കപ്പെട്ട കാലഘട്ടത്തിലെ സാമൂഹികവ്യവസ്ഥയും ചിന്താഗതിയും തുറന്നുകാട്ടാനുള്ള കഴിവുമാണെന്ന് മാർക്സിയൻ ചിന്തകർ വാദിച്ചു.

മാർക്സിയൻ നിരൂപണപദ്ധതി രൂപപ്പെടുത്തുന്നതിൽ ആദ്യകാലത്ത്പങ്കുവഹിച്ചത് ജോര്ജ് ല്യൂകാച് ആണ്. യാഥാർഥ്യവാദത്തിലധിഷ്ഠിതമായ ഒരു നിരൂപണപദ്ധതി അദ്ദേഹം വികസിപ്പിക്കുകയും പ്രയോഗിപ്പിക്കുകയും ചെയ്തു. മാർക്സിയൻ നിരൂപണപദ്ധതിയുടെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങൾ വളർത്തിയെടുക്കുന്നതിൽ ജർമനിയിലെ ഫ്രാങ്ക്ഫര്ട്ട് സ്കൂൾ എന്നറിയപ്പെട്ടിരുന്ന സ്ഥാപനം നിർണായക പങ്കുവഹിച്ചു. ഘടനാവാദത്തിന്റെ സ്വാധീനത്തിൽ മാർക്സിയൻ ചിന്തയിൽ രൂപപ്പെട്ട സ്റ്റ്രക്ചറൽ മാർക്സിസം എന്ന പ്രസ്ഥാനവും മാർക്സിയൻ നിരൂപണത്തെ രൂപപ്പെടുത്തിയ ചിന്താധാരയാണ്. എഴുപതുകളിൽ ശക്തിപ്രാപിച്ച നവമാർക്സിയൻ വിമർശനഘട്ടത്തിലാണ് സമകാലികസാഹിത്യത്തെയും നിരൂപണത്തെയും ഏറ്റവും സ്വാധീനിച്ച മാർക്സിയന് നിരൂപകർ രംഗപ്രവേശം ചെയ്തത്. ഫ്രെഡറിക് ജെയിംസൺ, റെയ്മണ്ട് വില്യംസ്, ടെറി ഈഗിൾടൺ എന്നിവരുടെ നിരൂപണങ്ങളിലും പഠനങ്ങളിലും മാർക്സിയൻ വിമർശനത്തിന്റെ

തനിമയുള്ള രീതി വെളിവാകുന്നുണ്ട്. പ്രത്യയശാസ്ത്രവും സാഹിത്യവും തമ്മിലുള്ള ബന്ധം അനാവരണം ചെയ്യുന്നതിലാണ് ഇവര് പ്രധാനമായും ശ്രദ്ധിച്ചത്.

## ഘടനാവാദം

ഉത്തരാധുനിക ഭാഷാശാസ്ത്രപഠനത്തിൽ നിന്ന് വികസിച്ചുവന്ന സിദ്ധാന്തമാണ് ഘടനാവാദം അഥവാ സ്ട്രക്ച്ചറലിസം. 1950 കളിൽ ഘടനാവാദം ഫ്രാൻസിൽ ബൗദ്ധികമുന്നേറ്റത്തിനു വഴിതെളിച്ചു. ജനീവ സർവകലാശാലയിലെ അദ്ധ്യാപകനായിരുന്ന സ്വിസ് ഭാഷാശാസ്ത്രജ്ഞൻ ഫെർഡിനാൻഡ് ഡി സൊസ്സൂർ (1875. 1913) ഭാഷാശാസ്ത്രരംഗത്ത് അവതരിപ്പിച്ച ചില പരികല്പനകളാണ് ഘടനാവാദത്തിന് വിത്തുപാകിയത്. ഈ ഭാഷാശാസ്ത്രപരികല്പനകൾ പിന്നീട് സാഹിത്യം, നരവംശശാസ്ത്രം, മനഃശാസ്ത്രം മുതലായ മറ്റു സംസ്കാരപഠനമേഖലകളെയും ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. റഷ്യയിൽ നിന്ന് പ്രാഗിലേക്ക് രാഷ്ട്രീയ കാരണങ്ങളാൽ കുടിയേറിയ റോമൻ യാക്കോബ്സൺ എന്ന ഭാഷാശാസ്ത്രജ്ഞനാണ് പ്രാഗ് ഭാഷാശാസ്ത്രവൃത്തത്തിന് നേതൃത്വം നൽകിയത്. നരവംശശാസ്ത്രജ്ഞനായ ക്ലോദ് ലെവിസ്ട്രോസ്, സാഹിത്യവിമർശകനും ചിഹ്നവിജ്ഞാനിയുമായ റൊളാങ്ങ് ബാർത്ത് എന്നിവരിലൂടെ ഒരു ധൈഷണിക മുന്നേറ്റമായി ഘടനാവാദമെന്ന പേരിൽ ഈ ആശയങ്ങൾ ഫ്രാൻസിൽ പടർന്നു പിടിച്ചു. എഴുപതുകളിൽ ബ്രിട്ടണിലും എൺപതുകളിൽ ലോകത്തൊട്ടാകെയും ഘടനാവാദം വലിയ സ്വാധീനം സൃഷ്ടിച്ചു. ഭാഷയെപ്പറ്റിയുള്ള സസ്സൂറിന്റെ പുതിയ അഭിദർശനങ്ങൾ സൃഷ്ടിച്ച സ്വാധീനം രണ്ട് പ്രമുഖതരംഗങ്ങളാണ് യൂറോപ്പിൽ ഉണ്ടാക്കിയത്. ഒരു തരംഗം ഭാഷാശാസ്ത്രത്തെത്തന്നെയാണ് സ്വാധീനിച്ചത്. ആ സ്വാധീനം ഉടനടിയാണ് സംഭവിച്ചതെങ്കിൽ രണ്ടാമത്തെ സ്വാധീനം പതിറ്റാണ്ടുകളിലൂടെയാണുണ്ടായത്. എങ്കിലും അതിന്റെ സ്വാധീനം ആഴമേറിയതാണ്. രണ്ടാമത്തെ സ്വാധീനതരംഗം സസ്കാരപഠനത്തിന്റെ വിസ്തൃത മേഖലകളെ സാമാന്യമായും സാഹിത്യസിദ്ധാന്തത്തിന്റെ മേഖലയെ വിശേഷമായും സ്വാധീനിച്ചു. ഈ രണ്ടാമത്തെ സ്വാധീനതരംഗമാണ് പിന്നീട് പൊതുവിൽ ഘടനാവാദം എന്ന പേരിൽ അറിയപ്പെട്ടത് ചിഹ്നവിജ്ഞാനീയം, ചിഹ്നശാസ്ത്രം എന്നീ സംജ്ഞകളിൽ അറിയപ്പെടുന്ന പുതിയ വിജ്ഞാനശാഖകൾക്ക് ആശയപരമായ അടിത്തറ നിർമ്മിച്ചുകൊടുത്തതും സസ്സൂറിയൻ ഉൾക്കാഴ്ചകളാണ്.

## ഘടനാവാദ ദർശനം

ലോകത്തെ പ്രത്യക്ഷണം ചെയ്യുന്നതിനും അനുഭവങ്ങളെ ഏകോപിപ്പിക്കുന്നതിനും രൂപപ്പെടുത്തിയിട്ടുള്ള സവിശേഷഘടനകളെപ്പറ്റിയുള്ള വിചാരമാണ് ഘടനാവാദം. മനുഷ്യബോധത്തിനു വിഷയമാകുന്ന ലോകത്തിന്റെ ഘടനകളെപ്പറ്റിയുള്ള പഠനമാണ് ഇത്. ചിഹ്നങ്ങളുടെ വ്യവസ്ഥയായ ഭാഷയിലുടെയാണ് ഈ ഘടനകൾ നിമ്മിക്കപ്പെടുന്നത്. ബന്ധങ്ങളെ മുന്നിർത്തി ചിഹ്നങ്ങളെ മനസ്സിലാക്കുകയാണ് ഘടനാവാദം ചെയ്യുന്നത്. ഭാഷയെ പരസ്പര ബന്ധിതമായി നിൽക്കുന്ന മൂലകങ്ങളുടെ സമഗ്രതയായി കാണുക, ആ ബന്ധങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ അവയുടെ ഘടനാപരമായ വ്യാപ്തിയും പ്രസക്തിയും നിർദ്ധാരണം ചെയ്യുക എന്നതായിരുന്നു ഘടനാവാദത്തിന്റെ രീതിശാസ്ത്രം. അർത്ഥമെന്ത് എന്നല്ല അർത്ഥം സാദ്ധ്യമാകുന്നത് അഥവാ സാദ്ധ്യമാക്കുന്നത് എങ്ങനെ എന്നാണ്

ഘടനാവാദവിശകലനം ശ്രദ്ധിക്കുന്നത്. ഭാഷ ചിഹ്നങ്ങളുടെ ഒരു വ്യവസ്ഥയാണെന്നാണ് സൊസ്സൂറിന്റെ വാദം.

1) ഭാഷയിലെ അർത്ഥങ്ങളെല്ലാം ആരോപിതമാണ് അഥവാ സാങ്കേതികമാണ്.

2) വാക്കുകളുടെ അർത്ഥം മറ്റുവാക്കുകളുമായുള്ള പരസ്പരബന്ധത്തെ ആശ്രയിച്ചാണിരിക്കുന്നത്.

3)ഭാഷ ലോകത്തെ(ലോകബോധത്തെ) ഉണ്ടാക്കുകയാണ് അല്ലാതെ കേവലമായി പകർത്തുകയോ പ്രതിഫലിപ്പിക്കുകയോ വസ്തുക്കൾക്ക് ലേബലൊട്ടിക്കുകയോ അല്ല ചെയ്യുന്നത്. എന്നീ മൂന്നു അടിസ്ഥാന ഘടകങ്ങളിലൂന്നിയാണ് ഘടനാത്മക ഭാഷാ ശാസ്ത്രം വികസിക്കുന്നത്. ശബ്ദാർത്ഥങ്ങളെ സംബന്ധിച്ച് ചിഹ്നം എന്ന ആശയം സൊസ്സൂർ അവതരിപ്പിച്ചു. വസ്തു, വികാരം, വിചാരം മുതലായവയെ സൂചിപ്പിക്കുന്ന ഒരു സങ്കല്പനവും (concept) അതിനെ സൂചിപ്പിക്കുന്ന ഒരു ശബ്ദബിംബവും(sound image) ചേർന്നതാണ് ഒരു ചിഹ്നം. ശബ്ദബിംബത്തിന് സൂചകം(signifier) എന്നും അത് ലക്ഷ്യം വെയ്ക്കുന്ന സങ്കല്പനത്തിന് സൂചിതം(signified) എന്നും സൊസ്സൂർ സംജ്ഞ നൽകി. ശബ്ദബിംബമായ സൂചകത്തിന് ബാഹ്യലോകത്തുള്ള യഥാർത്ഥശബ്ദവുമായി നേരിട്ടു ബന്ധമില്ല. ഇങ്ങനെ രണ്ടു വശങ്ങളോടു കൂടിയ നിരവധി ചിഹ്നങ്ങൾ (signs)ചേർന്നാണ് ഭാഷ രൂപപ്പെടുന്നത്. സൂചകസൂചിതബന്ധം ഒരു താളിന്റെ ഇരുപുറം പോലെ അവിഭാജ്യമാണ്. എന്നാൽ അത് സ്വാഭാവികമായി വികസിച്ചു വരുന്ന ഒരു ബന്ധമല്ല. സാമൂഹികമായ ഒരു ധാരണയിന്മേൽ സ്വേച്ഛാപരമായി ആരോപിക്കപ്പെടുന്നതാണ്. ഭാഷ പരസ്പരാശ്രിതമായ ചിഹ്നങ്ങളുടെ വ്യവസ്ഥയാകയാൽ ഓരോ ചിഹ്നങ്ങളും അതിനുള്ളിൽ പ്രവർത്തനക്ഷമമാകുന്നത് പ്രസ്തുത ഭാഷയിലെ മറ്റു ചിഹ്നങ്ങളുമായുള്ള അതിന്റെ ബന്ധം കൊണ്ടാണ്.

## ഘടനാവാദവിമർശം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെ രൂപംകൊണ്ട ഘടനാവാദം (സ്ട്രക്ചറലിസം)സാഹിത്യസിദ്ധാന്തത്തെ പൊതുവെയും, വിമർശനചിന്തയെ പ്രത്യേകിച്ചും സ്വാധീനിക്കുകയുണ്ടായി. സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ഫെർഡിനാന്ഡ് ഡി സൊസ്യൂർ അവതരിപ്പിച്ച ആശയങ്ങളിൻ നിന്നാണ് ഘടനാവാദ വിമർശനത്തിന്റെ തുടക്കം. സൊസ്യൂർ, ഭാഷയെക്കുറിച്ചാണ് ഘടനാവാദം എന്ന സമീപനം അവതരിപ്പിച്ചതെങ്കിലും നരവംശശാസ്ത്രം, സമൂഹശാസ്ത്രം, മിഥോളജി, മാധ്യമപഠനം തുടങ്ങി നിരവധി മേഖലകളിലേക്ക് ആ സിദ്ധാന്തം വ്യാപിച്ചു. നിർദിഷ്ട വിജ്ഞാനമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസ്ഥകൾ (സിസ്റ്റംസ്) അവയിൽ അന്തർലീനമായിരിക്കുന്ന ഘടകങ്ങൾ എന്നിവ കണ്ടെത്താനാണ് ഘടനാവാദികൾ ശ്രമിച്ചത്. ഈ ചിന്താഗതി സാഹിത്യത്തിലേക്ക് വ്യാപിച്ചപ്പോൾ സാഹിത്യത്തിന് അതിന്റേതായ വ്യാകരണമുണ്ടെന്നും, അതിന്റെ വിശകലനമാണ് നിരൂപണമെന്നുമുള്ള ആശയം ഉയർന്നു. മിത്തുകൾ, അനുഷ്ഠാനങ്ങൾ, ബന്ധസൂചകവ്യവസ്ഥകൾ (കൻഷിപ്പ്) എന്നിവയെ വിശകലനം ചെയ്യാൻ നരവംശശാസ്ത്രത്തിൽ ലെവി സ്റ്റ്രോസ് ഉപയോഗിച്ച പദ്ധതികൾ സാഹിത്യത്തിലേക്കും വ്യാപിച്ചു. വ്യാകരണ സിദ്ധാന്തത്തിൽ വാക്യത്തിലെ ആഖ്യയെയും ആഖ്യാതാവിനെയും വേർതിരിക്കുന്നതുപോലെ

സാഹിത്യസൃഷ്ടികളിലെ കഥാപാത്രങ്ങളെയും അവരുടെ ചെയ്തികളെയും ഘടനാവാദികൾ തരംതിരിച്ചു. ഇത്തരം വിശകലനങ്ങളിലൂടെ, പുറമേക്ക് വളരെ വൈവിധ്യം പുലർത്തുന്ന കഥകൾ ചുരുക്കം ചില അടിസ്ഥാന കഥാഘടനകളിൽനിന്നാണ് രൂപപ്പെട്ടിരിക്കുന്നത് എന്നു വ്യക്തമായി. എല്ലാ കഥകളുടെയും പ്രഭവമായിട്ടുള്ള മുപ്പത്തിയൊന്ന് അടിസ്ഥാന ധർമങ്ങൾ വ്ളാദിമിർ പ്രോപ്പ്, റഷ്യന് നാടോടിക്കഥകളുടെ പഠനത്തിലൂടെ കണ്ടെത്തുന്നു. ഭാഷാവിശകലനത്തിൽ ഉപയോഗിക്കുന്ന ഫൊണിം, മോര്ഫീം തുടങ്ങിയ ഘടകങ്ങൾക്കു സമാനമായി ലെവിസ്ട്രോസ് 'മിത്തീം' എന്ന അടിസ്ഥാനഘടകം ഉപയോഗിച്ചാണ് മിത്തുകളെ വിശകലനം ചെയ്തിരിക്കുന്നത്. ഇത്തരം ഘടനാപരമായ വിമർശന പദ്ധതികൾ സാഹിത്യത്തിൽ വ്യാപകമായി പ്രയോഗിക്കപ്പെട്ടു. നിരൂപണസാഹിത്യത്തിന്റെ ഭാഷയും ഉള്ളടക്കവും ഇത്തരം കൃതികളിലൂടെ പരിവർത്തനം ചെയ്യപ്പെട്ടു. നാടോടിക്കഥകൾ, മിത്തുകള്, കുറ്റാന്വേഷണ കഥകൾ, ജനപ്രിയസാഹിത്യം എന്നിവയിൽ സാഹിത്യപഠനങ്ങളുടെ പൊതുഘടനയുടെ തത്ത്വങ്ങൾ ക്ളാസ്സിക് കൃതികളിലേതിനെക്കാൾ വ്യക്തമായി ആവിഷ്കരിക്കപ്പെടുന്നുണ്ട്. അതിനാൽ ഇവയുടെ വിശകലനവും ചിട്ടപ്പെടുത്തലും, മറ്റു സാഹിത്യസൃഷ്ടികൾ നിരൂപണം ചെയ്യാനായി ഘടനാവാദികൾ ഉപയോഗിച്ചു.

ആധുനിക സാഹിത്യസിദ്ധാന്തത്തിൽ സാഹിത്യകാരനും അയാളുടെ ആശയവിനിമയലക്ഷ്യത്തിനും പരമപ്രാധാന്യമുണ്ട്. രചനയിലെ ഭാഷയിൽ പ്രതിഫലിക്കുന്നത് എഴുത്തുകാരന്റെ മനസ്സോ, എഴുത്തുകാരൻ കാണുന്ന ലോകമോ ആണെന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ, ഘടനാവാദവിമർശനത്തിൽ ഭാഷാഘടനയാണ് യാഥാർഥ്യത്തെ സൃഷ്ടിക്കുന്നത് എന്ന് ഉന്നയിക്കപ്പെട്ടു. എഴുത്തുകാരന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുപരിയായി ഭാഷയിൽ പ്രവർത്തിക്കുന്ന ദ്വന്ദ്വങ്ങളും പ്രക്രിയകളുമാണ് അര്ഥത്തെ സൃഷ്ടിക്കുന്നത്. ഇവ കണ്ടെത്താനാണ് നിരൂപകർ ശ്രമിച്ചത്. സാഹിത്യപാഠത്തിന്റെ ദിവ്യത്വത്തെ തിരസ്കരിച്ചുകൊണ്ട്, ഒരു കൃതി വായനക്കാർ എങ്ങനെ ഗ്രഹിക്കുന്നു, എന്തൊക്കെ ചിട്ടകളിലൂടെയാണ് സാഹിത്യകൃതികൾ മനസ്സിലാക്കാൻ വായനക്കാർ ശ്രമിക്കുന്നത് തുടങ്ങിയ തലങ്ങളിലേക്ക് ഘടനാവാദികൾ വിമർശനത്തെ വഴിതിരിച്ചുവിട്ടു.

## ഉത്തര ഘടനാവാദം

ഘടനാവാദത്തിൽ നിന്ന് വികസിച്ച ചിന്തകളാണ് ഉത്തരഘടനാവാദം എന്ന് അറിയപ്പെട്ടത്(പോസ്റ്റ് സ്ട്രക്ചറലിസം). ഒരു ഏകമുഖമായ വിമർശനപദ്ധതിയോ വിശകലന രീതിയോ ഘടനാവാദത്തിനില്ല. തത്വചിന്ത, സാഹിത്യം, ചരിത്രം, മനോവിജ്ഞാനീയം, സ്ത്രീവാദം, സാംസ്കാരിക പഠനം, മാർക്സിസം, മതം എന്നീ വ്യത്യസ്ത മേഖലകളിൽ 1970 കൾക്കുശേഷം രൂപപ്പെട്ട പുതിയ സമീപനങ്ങളെയാണ് ഘടനാവാദം എന്നു പറയുന്നത്. ഴാക് ദറിദ, മിഷേൽ ഫൂക്കോ, ഴാക്ക ലക്കാൻ, റൊളാങ് ബാർത്ത് തുടങ്ങിയവരാണ് ഉത്തരഘടനാവാദത്തിലെ പ്രധാന ചിന്തകർ. ഫ്രാൻസിലാണ് ഉത്തരഘടനവാദ ചിന്തകൾ ആരംഭിച്ചത്. ഘടനാവാദത്തെപ്പോലെ ഭാഷയും ആഖ്യാനവും തന്നെയാണ് ഉത്തരഘടനവാദത്തിന്റെയും അടിസ്ഥാനം. എന്നാൽ ഉത്തരഘടനാവാദം ഭാഷാശാസ്ത്രത്തിലെന്നതിലേറെ ഊന്നിയത് തത്വശാസ്ത്രത്തിലാണ്. ഫ്രെഡറിക് നീഷേ, ഹൈഡഗർ എന്നീ തത്വചിന്തകരുടെ ആശയങ്ങൾ ഉത്തരഘടനവാദത്തെ സ്വാധീനിച്ചിട്ടുണ്ട്.

റൊളാങ് ബാർത്ത് ആണ് ഉത്തരഘടനവാദത്തിലെ പല ആശയങ്ങളെയും വിശദീകരിച്ചത്. ചിഹ്നവിജ്ഞാനീയം, അപനിർമാണം, മനോവിശ്ലേഷണം എന്നിവ ഉത്തരഘടനവാദത്തിലെ പ്രധാന ആശയലോകങ്ങളാണ്.

## ചിഹ്ന വിജ്ഞാനീയം

ചിഹ്നം, അടയാളം എന്നർഥമുള്ള സെമിയോൺ എന്ന ഗ്രീക്ക് ശബ്ദത്തിൽനിന്നാണ് സെമിയോളജി, സെമിയോട്ടിക്സ് എന്നീ വാക്കുകളുണ്ടായത്. ചിഹ്നങ്ങളുടെ രൂപീകരണം എങ്ങനെയെന്നും അവയുടെ അടിസ്ഥാന നിയമങ്ങളെന്തെല്ലാമാണ് എന്നും പഠനവിധേയമാക്കുന്ന വൈജ്ഞാനിക മേഖലയാണിത്. സൂചകം, സൂചിതം, ചിഹ്നം എന്നീ ത്രികോണ അർഥവ്യവസ്ഥ ഭാഷയിൽ മാത്രമല്ല, സാമൂഹികവും വ്യക്തിപരവുമായ എല്ലാ പെരുമാറ്റങ്ങളിലുമുണ്ട് എന്ന് ഉത്തരഘടനാ സിദ്ധാന്തം കണക്കാക്കുന്നു. പ്രപഞ്ചംതന്നെ ചിഹ്നങ്ങളുടെ വ്യവസ്ഥയിലൂടെയാണ് നിലനിൽക്കുന്നത്. നരേറ്റീവ് സെമിയോട്ടിക്സ് എന്ന പുസ്തകത്തിൽ സ്റ്റീഫൻ എ നിമിസ് ചിഹ്നവ്യവസ്ഥയെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. ; പ്രാപഞ്ചിക വ്യവഹാരത്തിൽ എന്നും സൂചകഘടിതമായ സന്ദേശം (കോഡ്) കൈമാറുന്നുണ്ട്. ഇത്തരം നാനാതരം സൂചകങ്ങളുടെ വിചിത്രവിതാനമാണ് ലോകം. അവ പലതരം സൂചിതങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു. ചിഹ്നങ്ങളുടെ ഈ കളി(ലീല) സവിശേഷമായ സംസ്കാരപരിധിക്കുള്ളിൽ സവിശേഷമായ അർഥങ്ങൾകൂടി പങ്കുവെക്കുന്നുണ്ട്. ഈ അർഥങ്ങളുടെ വിശകലനമാണ് ചിഹ്നവിജ്ഞാനീയം. റൊളാങ് ബാർത്ത്, ഉംബെർട്ടോ എക്കോ തുടങ്ങിയ ചിന്തകർ ചിഹ്നവിജ്ഞാനീയത്തിന്റെ പ്രയോക്താക്കളാണ്.

ചിഹ്നവിജ്ഞാനീയം സാഹിത്യത്തിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കാം. ഭാഷയുടെ സൗന്ദര്യാത്മക പ്രയോഗമാണല്ലോ സാഹിത്യം. അവിടെയും സൂചകങ്ങൾ വലിയൊരളവോളം ഒട്ടേറെ അർഥങ്ങളെയും അർഥമില്ലായ്മയെയും അർഥസന്ദേഹത്തെയും ഉൽപാദിപ്പിക്കുന്നുണ്ട്. അർഥരാഹിത്യവും അർഥസന്ദേഹവും ഉണ്ടാകുന്നത് നിലനിൽക്കുന്ന ചിഹ്നവ്യവസ്ഥയെ തകർത്തുകൊണ്ടാണ് സാഹിത്യത്തിൽ സാധ്യമാക്കുന്നത്. സാമാന്യവ്യവഹാര ഭാഷയ്ക്കുമേൽ ആസൂത്രിതമായി നടത്തുന്ന ഈ അതിക്രമമാണ് കവിത എന്ന് റോമൻ ജാകോബ്സൺ നിരീക്ഷിക്കുന്നു. ഈ നിയമലംഘനങ്ങളെ അപഗ്രഥിക്കുകയും പരിശോധിക്കുകയും ചെയ്യുക എന്നതാണ് ചിഹ്നശാസ്ത്രപരമായ നിരൂപകർ അനുസരിക്കുന്നത്.

എഴുത്തിന്റെ മൗലികശുദ്ധി എന്ന പരമ്പരാഗത സങ്കൽപത്തെ മിക്ക ചിഹ്നവിജ്ഞാനീയ പഠിതാക്കളും ചോദ്യംചെയ്യുന്നു. മിക്കവാറും എല്ലാ സാഹിത്യരചനകളും മറ്റു സാഹിത്യ രചനകളോട് കടപ്പെട്ടിരിക്കുന്നു. ഇതിന് ഇന്റർടെക്ചാലിറ്റി (പാഠാന്തരബന്ധം) എന്നാണ് പേര്.

## മനശ്ശാസ്ത്ര സമീപനം

സിഗ്മണ്ട് ഫ്രോയിഡ്, കാൾ യുങ്, ഷാക് ലക്കാൻ എന്നീ പ്രമുഖ ചിന്തകരുടെ മനശ്ശാസ്ത്ര വിശകലനങ്ങളും ഉത്തരാധുനിക സാഹിത്യ സിദ്ധാന്തത്തെ സ്വാധീനിച്ചിട്ടുണ്ട്. ഫ്രോയ്ഡ് വ്യക്തിസത്തയെ മൂന്നായി തരംതിരിക്കുന്നു. അബോധമനസ്സ് (ഇട്ട്), ബോധമനസ്സ് (ഈഗോ), മനസ്സാക്ഷി (സൂപ്പർ ഈഗോ) എന്നിവയാണത്. പരസ്പര വിരുദ്ധവും യുക്തിരഹിതവുമായ അന്തശ്ചോദനകളുടെ തലമാണ് അബോധം. മെരുങ്ങാത്ത വികാരങ്ങളുടെ ലോകമാണത്. എന്നാൽ ബോധമനസ്സിനെ നിയന്ത്രിക്കുന്നത് യാഥാർഥ്യ

ലോകമാണ്. ബാഹ്യലോകബന്ധത്തിനാൽ സംസ്കരിക്കപ്പെട്ട ബോധമാണത്. സാമൂഹികമായ ബോധമണ്ഡലമാണ് മനസ്സാക്ഷി. മനുഷ്യനെക്കുറിച്ച് പൊതുവായ ചില ബോധങ്ങൾ മനസ്സാക്ഷിയിൽ സമൂഹം സൃഷ്ടിക്കും. അടിസ്ഥാന വികാരങ്ങളും ഈ മനസ്സാക്ഷിയും തമ്മിൽ എപ്പോഴും സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കും. അത് മനുഷ്യനെ അന്തസ്സംഘർഷത്തിലേക്കും അപകർഷതാബോധത്തിലേക്കും നയിക്കുന്നു. അത് സംഭവിക്കാതെ മനുഷ്യമനസ്സിനെ സംരക്ഷിക്കുന്നത് കലയും സാഹിത്യവും വിശ്വാസവും ആണ്. വ്യക്തിയുടെ അബോധമനസ്സിനെ അലട്ടുന്ന സാക്ഷാത്കരിക്കപ്പെടാത്ത ചോദനകളെയും അഭിലാഷങ്ങളെയും തൃപ്തിപ്പെടുത്താൻ കലയ്ക്കും സാഹിത്യത്തിനും മതത്തിനും കഴിയുന്നു.

ഈഡിപ്പസ് കോംപ്ലക്സ്, കുറ്റബോധം എന്നിവയെ വിശകലനം ചെയ്യാൻ ഫ്രോയിഡ് ഉപയോഗിച്ച ആശയങ്ങൾ പിന്നീട് സാഹിത്യത്തെയും കലയെയും ആഴത്തിൽ സ്വാധീനിച്ചു. സാഹിത്യകൃതികളെ വിശകലനം ചെയ്യാനും പിന്നീട് മനശ്ശാസ്ത്ര സമീപനം ഏറെ ഉപയോഗിക്കപ്പെട്ടു. ഈ വിമർശനപദ്ധതിക്ക് രണ്ടു സമീപനരീതികളുണ്ട്.

1. കലാകാരുടെ മനോവൃത്തികളുടെ വിശ്ലേഷണം (വിശകലനം)
2. കലാകാരന്റെ മനോവൃത്തികൾക്ക് രചനയുമായുള്ള ബന്ധത്തിന്റെ അപഗ്രഥനം.

ഇങ്ങനെ എഴുത്തുകാരുടെ രചനാപ്രക്രിയകളെ സ്വന്തം ജീവചരിത്രത്തെയും മാനസിക വ്യാപാരങ്ങളെയും മുൻനിറുത്തി വിമർശനം രൂപപ്പെടുത്തുവാനുള്ള ശ്രങ്ങൾ മലയാളത്തിലും ഉണ്ടായിട്ടുണ്ട്. എം എൻ വിജയൻ വൈലോപ്പിള്ളിയെ കുറിച്ചു നടത്തിയ പഠനങ്ങൾ അതിനുദാഹരണമാണ്.

ആദിരൂപപരമായ വിമർശനം ആവിഷ്കരിച്ച കാൾ യുങ് മറ്റൊരു മനോവിശ്ലേഷണ വിമർശന പദ്ധതിയുടെ വക്താവാണ്. ഫ്രോയ്ഡിന്റെ ശിഷ്യനാണ് യുങ്. മനസ്സിന്റെ അബോധ തലങ്ങളാണ് സൈക്ക്. സൈക്കിന്റെ ചൈതന്യമാണ് ലിബിഡോ. ഇതിന് ബഹിർമുഖവും അന്തർമുഖവുമായ ചലനങ്ങളുണ്ട്. അബോധമനസ്സിന്റെ അന്തർമുഖ സഞ്ചാരമാണ് സ്വപ്നം. അന്തർമുഖമായ ജീവിതകാമനയാണ് കലയുടെ ഉൽപാദനത്തിനു കാരണമെന്ന് യുങ് നിരീക്ഷിക്കുന്നു. സമൂഹ അബോധം (കളക്ടീവ് അൺകോൺഷ്യസ്നെസ്സ് ) എന്നൊരു സങ്കൽപനം യുങ് ആവിഷ്കരിക്കുന്നു. ഇതിൽനിന്ന് രൂപപ്പെടുന്നതാണ് മിത്ത്. ലോകത്തെ എല്ലാ കഥകളിലും കാണുന്ന സമാനമായ ജീവിതാവബോധങ്ങളെയാണ് യുങ് ആദിപ്രരൂപങ്ങൾ (ആർകിടൈപ്പ്) എന്നു വിളിക്കുന്നത്. ഡോ. എം ലീലാവതിയുടെ 'ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ' എന്ന രചന യുങ്ദർശനങ്ങളെ വിശകലനം ചെയ്യുന്നു.

## അപനിർമാണം

ഫ്രഞ്ച് ദാർശനികനായ ഴാക് ദറിദ ആവിഷ്കരിച്ച ഉത്താരാധുനിക സംവാദമാണ് അപനിർമാണം (ഡികൺസ്ട്രക്ഷൻ). ഭാഷാവ്യാപാരങ്ങളെ സംബന്ധിച്ച പരമ്പരാഗതമായ ധാരണകളെയാണ് അപനിർമാണം അട്ടിമറിച്ചത്. ഭാഷയുടെയും രചനകളുടെയും (ടെക്സ്റ്റ്) പിന്നിൽ അവയുടെ അർഥത്തെ നിശ്ചിതപ്പെടുത്തിക്കൊണ്ട് അദൃശ്യമായ ഒരു നിത്യസാന്നിധ്യമുണ്ട് എന്ന വിശ്വാസത്തെയാണ് അപനിർമാണം ചോദ്യംചെയ്തത്. ഏതിനെയും മറിച്ചുവായിക്കാനുള്ള സാധ്യത അപനിർമാണം നൽകി. ഫ്രോയ്ഡിന്റെ മനോവി

ശ്ലേഷണത്തെ വരെ അപനിർമാണതത്വങ്ങൾ പുതിയ അർഥത്തിൽ വ്യാഖ്യാനിച്ചു. പരമമായ യാഥാർഥ്യം എന്ന ഒന്നില്ല. ഒരു കേന്ദ്രം ആവശ്യമില്ല. നിശ്ചിതമായ ഒരു ലക്ഷ്യം സാധ്യമല്ല തുടങ്ങിയ ബോധങ്ങളാണ് അപനിർമാണത്തെ സൃഷ്ടിച്ചത്. വ്യാഖ്യാനങ്ങളാണ് എല്ലാം. ഓരോ വ്യാഖ്യാനവും വ്യത്യസ്തവുമാണ്. വ്യാഖ്യാനംപോലും സ്ഥായിയല്ല. ആധികാരികത എന്ന ഒന്നില്ല. വസ്തുതകളുടെ ഒരു ലീല (പ്ലേ) മാത്രമേയുള്ളൂ. സത്യം, പ്രദാർഥം, ആശയം മുതലായ അധികാര സംഹിതകളെ ദറിദ നിഷേധിച്ചു. എഴുത്ത്, ഭാഷണം എന്നിവയ്ക്കു തമ്മിലുള്ള സ്ഥാപിത മൂല്യങ്ങളെ നിരാകരിക്കുകയും എഴുത്താണ് ആദ്യം സംഭവിക്കുന്നത് എന്ന് സിദ്ധാന്തിക്കുകയും ചെയ്തു. ഓഫ് ഗ്രാമറ്റോളജി എന്ന കൃതിയിൽ ദറിദ എഴുത്തെക്കുറിച്ച് അന്ന് നിലനിന്ന നിർവചനങ്ങളെ അപനിർമിക്കുന്നുണ്ട്.

വാക്കും അർഥവും തമ്മിൽ അനാദിയായ ബന്ധമില്ലെന്നും അർഥം ഉണ്ടാകുന്നത് അന്യപദവുമായുള്ള ബന്ധത്തിൽ നിന്നാണെന്നും ഉള്ള ഘടനാവാദ സങ്കൽപത്തെയും ദറിദ പൂർണമായി സമ്മതിക്കുന്നില്ല. മറ്റൊരു പദവുമായുള്ള ബന്ധത്തിലൂടെ അർഥം നിശ്ചിക്കപ്പെടുകയല്ല, നീട്ടിവെക്കപ്പെടുകയാണ് ചെയ്യുന്നത് എന്നാണ് അപനിർമാണവാദികൾ പറയുന്നത്. നിഘണ്ടുവിൽ ഒരു പദത്തിനു നൽകുന്ന അർഥം വാസ്തവത്തിൽ ആ പദത്തിന്റെ അർഥമല്ല മറ്റൊരു സ്വതന്ത്ര പദമാണ്. ആ പദത്തിന്റെ അർഥം മറ്റൊരു പദത്തിലേക്ക് നമ്മെ എത്തിക്കും. ഇപ്രകാരം സുചിത, സൂചക, ചിഹ്ന ബന്ധങ്ങളും പരസ്പരാശ്രിതങ്ങളല്ല എന്ന് ദറിദ സമർഥിക്കുന്നു. ഇത്തരത്തിൽ സ്ഥലപരവും കാലപരവുമായ വ്യത്യസ്തതകളെ കുറിക്കാൻ ഡിഫറാൻസ് എന്ന പുതിയൊരു സംജ്ഞയാണ് ദറിദ നിർദേശിക്കുന്നത്. വ്യാഖ്യാനമെന്നത് അർഥം വിശദമാക്കലല്ല, മറിച്ച് ഒരു ചിഹ്നത്തിനു പകരം മറ്റൊരു ചിഹ്നത്തെ പ്രതിഷ്ഠിക്കലാണ്.

സാഹിത്യത്തിൽ എന്നപോലെ മാർക്സിസ്റ്റ് ദർശനം, മതം, ചരിത്രം, സ്ത്രീ, ദലിത് പഠനങ്ങളെയെല്ലാം അപനിർമാണം സ്വാധീനിച്ചിട്ടുണ്ട്.